
പത്രപ്രവർത്തകൻ



കെ. യു. ഡബ്ല്യു. ജെ. യുടെ മുഖപത്രം
ഏപ്രിൽ—മെയ് 1998

പ്രകൃതി സൗകുമാര്യത്തിന്റെ നിറതാലവുമായി കേരളം...

കായലും കാടും മലയും കടലോരവും ചേർന്നൊരുക്കുന്ന ചാരുത...

ഈ സൗകുമാര്യത്തിലും സംസ്കാരത്തിന്റെ വശ്യതയിലും

മയങ്ങി ലോകമെങ്ങുനിന്നും സഞ്ചാരികൾ

ഇവിടേയ്ക്ക് ഒഴുകിയെത്തുന്നു. ഈ പ്രശാന്തതീരം തേടിയെത്തുന്നവരെ

ഒരു സുന്ദരസുസ്മിതത്താൽ സ്വാഗതമോതി നമുക്ക് സ്വീകരിക്കാം.



ടൂറിസം കേരളത്തിലെ പ്രമുഖ വ്യവസായമായി മാറിക്കൊണ്ടിരിക്കുന്ന

ഈ വേളയിൽ, ആതിഥ്യമര്യാദയിൽ നമുക്ക് പുതിയ അദ്ധ്യായങ്ങൾ എഴുതിച്ചേർക്കാം.

സൗഹൃദത്തിന്റെ സുസ്മിതവുമായി നമുക്ക് അതിഥിയെ സ്വീകരിക്കാം...

പ്രിയ ബന്ധുവിനെയെന്നപോലെ ഇനിയും വരികയെന്നു ചൊല്ലി യാത്രയാക്കാം

kerala

God's Own Country.

കേരളം - ദൈവത്തിന്റെ സ്വന്തം നാട്

ടൂറിസം - പുരോഗതിയുടെ പുഷ്പകവാടം

വിനോദസഞ്ചാരവകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം, കേരളം. ഫോൺ: 0471-321132, 326579

ഫാക്സ്: 0471-322279, emailO deptour@md2.vsnl.net.in

പത്രപ്രവർത്തകൻ ❑ 1998 ഏപ്രിൽ-മെയ്

കെ. യു. ഡബ്ലിയു. ജെ.യുടെ ഔദ്യോഗിക പ്രസിദ്ധീകരണം

Official Journal of Kerala Union of Working Journalists

ഉള്ളടക്കം

മുഖചിത്രം: ഇ. എം. എസ്
കവർ ഡിസൈൻ: പ്രസാദ്

Published by S. Jayasankar, General Secretary for K. U. W. J, Kesari Memorial Journalists Trust, Kesari Jn., Trivandrum - 1. printed at Red Star Offset Printers, Joseph Road, Calicut-32 Phone: 750950 Chief Editor - N. P. Rajendran, Editor - A. Sahadevan.

വേജ്ബോർഡ്:

പ്രധാന മന്ത്രിക്ക് പത്രപ്രവർത്തക യൂനിയൻ നിവേദനം നൽകി.

കോഴിക്കോട്: ഇന്ത്യയിലെ പത്രജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള വേജ് ബോർഡിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താനും ശുപാർശകൾ നടപ്പിലാക്കാനും ഇടപെടണമെന്ന് പ്രധാനമന്ത്രി എ. ബി. വാജ്പേയിയോട് കേരള പത്രപ്രവർത്തക യൂനിയൻ അഭ്യർത്ഥിച്ചു.

വേതന പരിഷ്കരണം അഞ്ച് വർഷത്തോളം വൈകിയ സാഹചര്യത്തിൽ രണ്ടാം ഇടക്കാലാശ്വാസം അനുവദിക്കാൻ നടപടിയെടുക്കണമെന്നും ഗസ്റ്റ് ഹൗസിൽ പ്രധാനമന്ത്രിയെ സന്ദർശിച്ച കെ. യു: ഡബ്ലു. ജെ. പ്രതിനിധിസംഘം ആവശ്യപ്പെട്ടു. അഞ്ച് വർഷത്തിലൊരിക്കൽ ഉണ്ടാകേണ്ട ശമ്പള പരിഷ്കരണം, വേജ് ബോർഡ് പ്രവർത്തനം വൈകുന്നത് കാരണം പത്ത് വർഷത്തിലൊരിക്കൽ പോലും നടക്കാത്ത അവസ്ഥയാണൊന്ന് യൂനിയൻ സമർപ്പിച്ച നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

രാജ്യത്തെ നൂറുക്കണക്കിന് ചെറുകിട ഇടത്തരം പത്രങ്ങളിലെ ആയിരക്കണക്കിന് പത്രപ്രവർത്തകർക്ക് ജീവിക്കാനാവശ്യമായ ചുരുങ്ങിയ വേതനം പോലും ഇപ്പോഴും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ലെന്നും വേജ് ബോർഡ് ശുപാർശകൾ മുഃുവൻ പത്രസ്ഥാപനങ്ങളിലും നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിയമത്തിൽ കർശന വ്യവസ്ഥകൾ ഉണ്ടാകണമെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

കെ. യു. ഡബ്ല്യു. ജെ. സംസ്ഥാന പ്രസിഡണ്ട് എൻ. പി. രാജേന്ദ്രൻ, സെക്രട്ടറി പി. പി. അബൂബക്കർ, സംസ്ഥാന എക്സി. അംഗം ജെ. അജിത്കുമാർ, കോഴിക്കോട് ജില്ലാ പ്രസിഡണ്ട് വി. എൻ. ജയഗോപാൽ എന്നിവരാണ് നിവേദന സംഘത്തിലുണ്ടായിരുന്നത്.

(നിവേദനത്തിന്റെ ഇംഗ്ലീഷിലുള്ള പൂർണ്ണരൂപം അന്യത്ര ചേർത്തിരിക്കുന്നു.)



വേജ് ബോർഡ് നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി, ശുപാർശകൾ നടപ്പാക്കുന്ന കാര്യത്തിൽ ഇടപെടണമെന്നഭ്യർത്ഥിച്ച് നിവേദനം നൽകാൻ കെ. യു. ഡബ്ല്യു. ജെ. പ്രസിഡണ്ട് എൻ. പി. രാജേന്ദ്രന്റെ നേതൃത്വത്തിൽ പ്രധാനമന്ത്രി എ. ബി. വാജ്പേയിയെ കണ്ടപ്പോൾ. പി. പി. അബൂബക്കർ (സെക്രട്ടറി), വി. എൻ. ജയഗോപാൽ (പ്രസിഡണ്ട്, കോഴിക്കോട് ജില്ലാ കമ്മിറ്റി), ജെ. അജിത്കുമാർ (സംസ്ഥാനസമിതിയംഗം) എന്നിവർ സമീപം.

തോമസ് ജേക്കബ്-അസോസിയേറ്റ് എഡിറ്റർ/മലയാള മനോരമ

വസൂരിക്കുത്തില്ലാത്ത കുറെ കഥകൾ

മാതൃഭൂമിയുടെ മുൻ ഡപ്യൂട്ടി എഡിറ്റർ ടി. വേണുഗോപാലിന്റെ, അത്ര അറിയപ്പെടാത്ത ഒരു കഥയുണ്ട്.

ടി. വേണുഗോപാലും പരേതനായ കവി കടവനാട് കുട്ടികൃഷ്ണനും ഒരേ നാട്ടുകാരാണ്. സുഹൃത്തുക്കൾ. ആത്മസുഹൃത്തുക്കളുടെ മക്കൾ. കടവനാടിനെ മാതൃഭൂമിയിലേക്ക് കൊണ്ടുവന്നതുപോലും വേണുവിന്റെ പിതാവാണ്. പിന്നെയെന്നോ ആണ് വേണു മാതൃഭൂമിയിൽ വന്നത്.

കടവനാട് പത്രപ്രവർത്തനത്തിൽ ഉറച്ചു നിൽക്കാതെ പിയേഴ്സ് ലസ്‌ലിയിൽ ജോലി സ്വീകരിച്ചുപോയി. കവിതയെ മാത്രം ഉപേക്ഷിച്ചില്ല.

വേണുവിനും സാഹിത്യതാല്പര്യമുണ്ടെങ്കിലും പത്രപ്രവർത്തനത്തിന്റെ രുചി പിടിച്ചതോടെ മറ്റെല്ലാം പിന്നിലായി. സാഹിത്യവുമായുള്ള ബന്ധം നിലനിർത്തിയത് ഇടയ്ക്കുള്ള പുസ്തകനിരൂപണങ്ങളായിരുന്നു. അത് തന്നെ കുറഞ്ഞുകുറഞ്ഞു വന്ന് ഏതാണ്ട് ഇല്ലാതായി.

അപ്പോഴാണ് ഒരു ദിവസം ആകാശവാണിയിലെ അറ്റൻഡർ ഒരു കത്തുമായി വരുന്നത്. ഒരു പരിപാടിക്കുള്ള കോൺട്രാക്ട് ആണ്. ഒപ്പിട്ടു കൊടുക്കണം.

ഒരു പരിപാടിക്കും നേരമില്ലെന്നു വേണു. ഡയറക്ടറെക്കൊണ്ട് അംഗീകരിപ്പിച്ചു കഴിഞ്ഞതിനാൽ മാറ്റുന്നതു മോശമെന്ന് പ്രോഗ്രാം എക്സിക്യൂട്ടീവ് ഫോണിൽ.

സംഗതി പുസ്തകനിരൂപണമാണെന്നറിഞ്ഞപ്പോൾ വേണു അയഞ്ഞു. എങ്കിൽ കവിതാപുസ്തകങ്ങളേ നിരൂപണത്തിനയക്കാവൂ എന്ന് വേറെ വ്യവസ്ഥയും.

ആകാശവാണി കുറേ കവിതാസമാഹാരങ്ങൾ എത്തിച്ചു. വേണു ഒരു നിരൂപണം തയ്യാറാക്കി അയച്ചുകൊടുത്തു. സംഗതി അതോടെ മറക്കുകയും ചെയ്തു. കാരണം പുസ്തകം നിരൂപണം പരിപാടി ഒരു 'നേരമ്പോക്ക്' ഇടപാടാണ്: തയ്യാറാക്കിയ ഏതെങ്കിലും പരിപാടിക്ക് നീളം കുറഞ്ഞുപോകുമ്പോൾ, അല്ലെങ്കിൽ നിശ്ചിതപരിപാടി യഥാസമയം റിക്കാർഡു ചെയ്യാൻ കഴിയാതെ പോവുമ്പോൾ മാത്രമാണ് നിരൂപണത്തിനിടം.

അങ്ങനെയിരിക്കെ കടവനാടിന് സാഹിത്യ അക്കാദമി അവാർഡ് ലഭിക്കുന്നു. 'കളിമുറ്റം' എന്ന കൃതിക്ക്.

പൊന്നാനിക്കാർ ഒത്തുകൂടി. ഒരു സ്വീകരണം ഏർപ്പാടു ചെയ്യണം. പ്രസംഗക്കാരുടെ പട്ടിക തയ്യാറാക്കി. ഒരാൾ വേണുവാകണം. നാട്ടുകാരനും കൂട്ടുകാരനും സാഹിത്യകാരനും എന്നതുകൊണ്ടുമാത്രമല്ല; ഒരു പത്രാധിപർ പ്രസംഗിക്കുന്നത് 'മാതൃഭൂമി' യിൽ റിപ്പോർട്ട് വരാനും സഹായകമാകുമെന്ന ലാക്കുകൂടി ഉണ്ടെന്നു വച്ചോളൂ.

വസൂരി വന്നവരെ ചികിത്സിക്കാൻ നാൽപതുകളിൽ കോഴിക്കോട്ടുണ്ടായിരുന്ന ഏക ആശുപത്രിയിലെ ആയയായിരുന്നു ഇപ്പോൾ 83 വയസ്സുള്ള കാളിക്കുട്ടി. ദേഹമാസകലം വസൂരി പൊങ്ങിയ, മുടി നീട്ടിവളർത്തിയ ഒരു ചെറുപ്പക്കാരനെ ആ രാത്രിയിൽ ആശുപത്രിയിലെത്തിച്ചത് വലിയൊരുസംഘം സായുധ പോലീസുകാരാണ്. ആ രോഗി ഇ. എം. എസ്. ആയിരുന്നു.

നാമൊക്കെ ഇതുവരെ കേട്ടിട്ടുള്ള ഇ. എം. എസ്. ഫലിതങ്ങളെ വെല്ലുന്ന ഒന്ന് കാളിക്കുട്ടി നമുക്ക് തരുന്നു.



പരിചരിക്കാനും ദേഹത്ത് മരുന്നു പുരട്ടാനും നിയോഗിക്കപ്പെട്ട തന്നെക്കാൾ ആറുവയസ്സു പ്രായക്കുറവുള്ള കാളിക്കുട്ടിയോട് ഇ. എം. എസ്. പറഞ്ഞു: "കാളിക്കുട്ടി. നീയൊരു നല്ല കൊച്ചല്ലേ. എനിക്കൊരു നൂലെങ്കിലും കൊണ്ടുതാ:"

കാളിക്കുട്ടിക്ക് ഒന്നും പിടികിട്ടിയില്ല. "എന്തിനാ സാർ നൂല്?"

"നിന്നെപ്പോലൊരു ചെറുപ്പക്കാരി പെണ്ണിന്റെ മുന്നിൽ നൂൽബന്ധമില്ലാതെ കിടന്നു കളഞ്ഞല്ലോ എന്നു ഏതെങ്കിലും സഖാവ് പിന്നീടു പറഞ്ഞാൽ എനിക്കപ്പോൾ സത്യമായും നിഷേധിക്കാമല്ലോ".

കുറേപ്പേർ കോഴിക്കോട്ടു വന്ന് വേണുവിനെ കാണുന്നു. പക്ഷേ എന്താ ചെയ്യുക? വേണുവിന് അന്നു ചെന്നൈയിൽ ഒഴിവാക്കാൻ വയ്യാത്ത ഒരു പരിശീലന പരിപാടിയുണ്ട്. നാട്ടുകാർ വേദനയോടെ പിരിഞ്ഞുപോയി.

വേണു ഇല്ലാതെതന്നെ ആ ദിനം വന്നെത്തി. വൈകുന്നേരമാണ് പരിപാടി. ഉച്ചയായപ്പോൾ ആരോ ഒരാൾ കണ്ടുപിടിച്ചു: കടവനാടിന് അവാർഡ് നേടിക്കൊടുത്ത 'കളിമുറ്റം' വേണു അന്ന് അഞ്ചു മണിക്ക് ആകാശവാണിയിൽ നിരൂപണം ചെയ്യുന്നു.

അപ്പോൾ വേറൊരാൾക്ക് ബൾബു കത്തി. നമുക്ക് എന്തുകൊണ്ട് സദസിനെ ഇതു കേൾപ്പിച്ചു കൂടാ? വേണു വരാത്തതിലുള്ള നാട്ടുകാരുടെ ദുഃഖവും മാറിക്കിട്ടുമല്ലോ.

പ്രസംഗകരോട് അവരുടെ പ്രസംഗം അഞ്ചുമണിക്ക് ഒന്നു നിർത്തിവയ്ക്കാൻ പറയുക തന്നെ. ഈ പ്രക്ഷേപണം അന്നു തന്നെയാക്കിയ ആകാശവാണിക്കു സ്തുതി!

അന്നു ചടങ്ങിന് കോംപെയർ ഇല്ലാത്തതിനാൽ വേറെ ആരോ അഞ്ചിനു രണ്ടു മിനിട്ടു മുൻപ് മൈക്ക് എടുത്തു. സുഹൃത്തുക്കളേ, യാദൃശ്ചികതകയിലെ യാദൃശ്ചികത! വേണുവിനെ നമുക്ക് കിട്ടിയില്ലെങ്കിലെന്ത്, അദ്ദേഹം തന്നെ ഈ സുഹൃത്തിന്റെ കവിത നിരൂപണം ചെയ്തത് ആകാശവാണി ഇപ്പോൾ പ്രക്ഷേപണം ചെയ്യുന്നു. നാമെല്ലാം അത് കേൾക്കാൻ പോവുകയാണ്. അത് വരെ പ്രസംഗം നിർത്തിവച്ച മാന്യദേഹത്തിനു നന്ദി.

റേഡിയോ ട്യൂൺ ചെയ്യുന്നു. കടവനാട്

അടക്കം എല്ലാവരും ശ്വാസം അടക്കിപ്പിടിച്ചിരിക്കുന്നു.

അതാ വരുന്നു വേണുവിന്റെ വാക്കുകൾ. പ്രശസ്ത കവിയായ കടവനാട് എഴുതിയ ഒരു സംഘം പൊട്ടക്കവിതകളുടെ സമാഹാരമാണ് കളിമുറ്റം എന്ന മട്ടിലായിരുന്ന ആദ്യവാചകം.

പോരേ പൂരം? ഇനി എന്താ ചെയ്ക? നാട്ടുകാരോട് പറഞ്ഞു പോയില്ലേ? ബാക്കിയും കേൾക്കുക തന്നെ. കടവനാടിന്റെ കവിതകൾ പൊതുവേ വേണുവിനിഷ്ടമാണെങ്കിലും ഈ കവിതാ സമാഹാരം ഇഷ്ടപ്പെട്ടിട്ടില്ലാത്തതുകൊണ്ടായിരുന്നു വിമർശനം.

ഏതോ ഒരു വാരികയിലെ പക്തിയുടെ പേരാണ് 'വിധിയുടെ ബലിമൃഗങ്ങൾ' എന്നാലും ഇങ്ങനെയുണ്ടോ ഒരു വിധി?

ഇതുപോലൊന്നാണ് 'മാതൃഭൂമി'ക്ക് ഈയിടെ സംഭവിച്ചത്. ബജാജ് ഓട്ടോ ലിമിറ്റഡ് ഈയിടെ ഇന്ത്യയിലെ പത്രങ്ങളിലെല്ലാം പരസ്യങ്ങളുടെ ഒരു പരമ്പര അവതരിപ്പിച്ചു. പുതിയ ബജാജ് ക്ലാസിക് എസ്. എൽ. ഇരുചക്രവാഹനത്തെപ്പറ്റി. ഒരു ഗർഭിണി സ്കൂട്ടറിലിരുന്നു കുട്ടിയുടുപ്പു നെയ്യുന്നതിന്റെയും ഏതാനും മാസം മാത്രം പ്രായമുള്ള കുഞ്ഞ് മനോഹരമായ ഒരു പുൽത്തൊട്ടിയിൽ സ്കൂട്ടറിലിരിക്കുന്നതിന്റെയുമൊക്കെ വളരെ വലുപ്പത്തിലുള്ള പടങ്ങളുമായി ശ്രദ്ധേയമായ ഒട്ടേറെ പരസ്യങ്ങൾ. പരസ്യങ്ങൾ കുറവുള്ള ഇക്കാലത്ത് ഈ പരസ്യം കിട്ടാൻ ഇന്ത്യയിലെ എല്ലാ പത്രങ്ങളും മത്സരിച്ചു.

ഈ പരസ്യം അനുവദിച്ചു കിട്ടിയ ദിവസം 'മാതൃഭൂമി'യുടെ പരസ്യവകുപ്പ് ഏറെ സന്തോഷിച്ചിരിക്കണം. ഏതാണ്ട് മുക്കാൽ പേജ് ഉയരത്തിലുള്ളതാണെങ്കിൽകൂടി ആ പരസ്യം ഞായറാഴ്ചപ്പതിപ്പിന്റെ ഒന്നാം പേജിൽതന്നെ അവർ വച്ചു. മറ്റൊരു പത്രവും ഒന്നാംപേജിൽ സ്ഥലം നൽകിക്കാണില്ലെന്ന പ്രതീക്ഷയോടെ. ഞങ്ങൾ മാത്രമേ നിങ്ങൾക്ക് ഒന്നാം പേജിൽ സ്ഥലം തന്നുള്ളൂ എന്ന് ബജാജിന് ഒരു കത്തയക്കണമെന്നും ആലോചിച്ചിരിക്കണം.

ഏറെ പ്രതീക്ഷയോടെ ഞായറാഴ്ചപ്പത്രം തുറന്നു നോക്കിയപ്പോഴത്തെ കാഴ്ച: ആ പേജിലെ കവർ സ്റ്റോറിയുടെ തലക്കെട്ട് 'മരണം വിതയ്ക്കുന്ന വാഹനങ്ങൾ' എന്നാണ്. തലക്കെട്ടും ഹൈലൈറ്റ്സും കഴിഞ്ഞാൽ താഴെയുള്ളത് ബജാജ് ഇരുചക്രവാഹനത്തിന്റെ പരസ്യം. ഇടിച്ചു തകർന്ന ഒരു മുച്ചക്രവാഹനത്തിന്റെ പടം പേജിന്റെ ചുവടെ പരസ്യത്തോട് ചേർന്നുണ്ട്. പടത്തിലുള്ള വാഹനവും ബജാജിന്റേതു തന്നെ.

വീണ്ടും 'വിധിയുടെ ബലിമൃഗങ്ങൾ'. പേജിലുള്ള പരസ്യം ആരുടേതെന്നു നോക്കാതെ പേജ് സംവിധാനം ചെയ്യുന്ന നമുക്കെല്ലാമുള്ള മുന്നറിയിപ്പാണിതെന്നതുകൊണ്ടു മാത്രമാണ് ഞാനീ മാതൃഭൂമി സംഭവത്തെപ്പറ്റി എഴുതിയത്.

മുപ്പതു വർഷങ്ങൾക്കു മുൻപ്, ഭാഷയുടേയും ആശയത്തിന്റെയും മാന്ത്രികദണ്ഡുള്ള ബോബി കൂക്കയുടെ കാലത്ത്, എയർ ഇന്ത്യ ഒരു പരസ്യ പരമ്പര ഇറക്കിയിരുന്നു. അപകടങ്ങളില്ലാത്ത യാത്രയ്ക്ക് എയർ ഇന്ത്യയിൽ സഞ്ചരിക്കൂ. Fly Air India for Safety. പത്രങ്ങളുടെ ഒന്നാം പേജിലാണീ പരസ്യം.

ഒരു രാത്രി വളരെ വൈകി എയർ ഇന്ത്യയുടെ വിമാനം തകർന്നുവീണ് ഒട്ടേറെപേർ മരിച്ചു. പല പത്രങ്ങളിലും എയർ ഇന്ത്യ വിമാനപകടത്തിന്റെ ലീഡ് സ്റ്റോറിയോടൊപ്പം Fly Air India for Safety എന്ന പരസ്യവും വന്നു. ഇന്ത്യൻ എക്സ്പ്രസിന്റെയോ ടൈംസ് ഓഫ് ഇന്ത്യയുടെയോ എന്നു ഞാനോർക്കുന്നില്ല, ഒരു സഹപത്രാധിപർ ആലോചിക്കാൻ ആരെയും കിട്ടാത്ത ആ അർദ്ധരാത്രിയിൽ സ്വന്തം തീരുമാനപ്രകാരം ആ പരസ്യം പേജിൽനിന്ന് എടുത്തുകളഞ്ഞു. നന്ദിസൂചകമായി എയർ ഇന്ത്യ ആ പത്രാധിപർക്ക് സൗജന്യയാത്രയ്ക്കുള്ള കുറേ ടിക്കറ്റുകൾ നൽകി എന്നാണ് കേട്ടിട്ടുള്ളത്.

ഇ. എം. എസ്. മരിച്ചപ്പോൾ പത്രങ്ങളിൽ വന്നതിൽ ഏറ്റവും നല്ല ഫീച്ചർ ഏതായിരുന്നു? (പത്രങ്ങളുടെ ചരമക്കോളങ്ങളിൽ മരിച്ചു എന്ന വാക്കു കാണാൻ കഴിയില്ല, എല്ലാം നിര്യാണങ്ങളാണ്; സംസാരിക്കുമ്പോൾ നാം ഉപയോഗിക്കുന്ന വാക്ക് മരണം എന്നാണെങ്കിലും. പത്തു പതിനഞ്ചുവർഷം മുൻപ് 'മാതൃഭൂമി' ധീരമായ ഒരു പരീക്ഷണം നടത്തി. ചരമവാർത്തയിൽ നിര്യാതനായി എന്നതിനു പകരം മരിച്ചു എന്ന് ഉപയോഗിച്ചു തുടങ്ങി. പക്ഷേ ആ പരിഷ്കാരം നാലുദിവസം കഴിഞ്ഞപ്പോൾ "മരിച്ചു'. ഏജന്റുമാരുടെയും മരിച്ചവരുടെ ബന്ധുക്കളുടെയും എതിർപ്പായിരുന്നു കാരണം.) ഫീച്ചറിലേക്കു മടങ്ങി വരട്ടെ, എന്റെ വോട്ട് കാളിക്കുട്ടിയ്ക്കാണ്, കുഞ്ഞമ്മാൾ കാളിക്കുട്ടിയ്ക്ക്. 'ഇന്ത്യൻ എക്സ്പ്രസി'ലാണ് ഈ ഫീച്ചർ.

വസൂരി വന്നവരെ ചികിത്സിക്കാൻ നാൽപതുകളിൽ കോഴിക്കോട്ടുണ്ടായിരുന്ന ഏക ആശുപത്രിയിലെ ആയയായിരുന്നു ഇപ്പോൾ 83 വയസ്സുള്ള കാളിക്കുട്ടി. ദേഹമാസകലം വസൂരി പൊങ്ങിയ, മുടി നീട്ടി വളർത്തിയ ഒരു ചെറുപ്പക്കാരനെ ആ രാത്രിയിൽ ആശുപത്രിയിലെത്തിച്ചത് വലിയൊരുസംഘം സായുധ പോലീസുകാരാണ്. ആ രോഗി ഇ. എം. എസ്. ആയിരുന്നു.

നാമൊക്കെ ഇതുവരെ കേട്ടിട്ടുള്ള ഇ. എം. എസ്. ഫലിതങ്ങളെ വെല്ലുന്ന ഒന്ന് കാളിക്കുട്ടി നമുക്ക് തരുന്നു.

പരിചരിക്കാനും ദേഹത്ത് മരുന്നു പുരട്ടാനും നിയോഗിക്കപ്പെട്ട തന്നെക്കാൾ ആറുവയസ്സു പ്രായക്കുറവുള്ള കാളിക്കുട്ടിയോട് ഇ. എം. എസ്. പറഞ്ഞു: "കാളിക്കുട്ടി. നീയൊരു നല്ല കൊച്ചല്ലേ. എനിക്കൊരു നൂലെങ്കിലും കൊണ്ടുതാ:"

കാളിക്കുട്ടിക്ക് ഒന്നും പിടികിട്ടിയില്ല. "എന്തിനാ സാർ നൂല്?" "നിന്നെപ്പോലൊരു ചെറുപ്പക്കാരി പെണ്ണിന്റെ മുന്നിൽ നൂൽബന്ധമില്ലാതെ കിടന്നു കളഞ്ഞല്ലോ എന്നു ഏതെങ്കിലും സഖാവ് പിന്നീടു പറഞ്ഞാൽ എനിക്കപ്പോൾ സത്യമായും നിഷേധിക്കാമല്ലോ".

എന്തൊരുഗ്രൻ നർമ്മം! മുണ്ടിനടിയിൽ അണ്ടർവയറിന്റെ പോക്കറ്റിൽ പണം കൊണ്ടു നടക്കുന്ന ഇ. എം. എസ്; ഓടുന്ന ട്രെയിനിൽപ്പോലും ഷേവിങ്ങ് സെറ്റില്ലാതെ ബ്ലേഡുമാത്രം കൈയിൽ പിടിച്ച് ഷേവു ചെയ്യുന്ന ഇ. എം. എസ്.; വാർഷികപ്പതിപ്പിലെ ലേഖനത്തിന്റെ പ്രതിഫലം നേരിട്ടു പണമായി കൊടുക്കുന്നതുകണ്ട് ആ പണം താൻ എടുത്തോട്ടെ എന്നു പിഞ്ഞിത്തുടങ്ങിയ ഉടുവസ്ത്രമുള്ള ആര്യ അന്തർജനം ചോദിച്ചപ്പോൾ ഈവർഷത്തേക്കുള്ള വസ്ത്രം എ. കെ. ജി. സെന്ററിൽ നിന്നു തന്നതല്ലേ എന്നു പറഞ്ഞ് ആ പണം എ. കെ. ജി. സെന്ററിലേക്കയച്ച ഇ. എം. എസ്. – ഇങ്ങനെ മുമ്പു കണ്ടിട്ടില്ലാത്ത അനേകം കഥകൾ നാം ഈ സീസണിൽ പത്രങ്ങളിൽ വായിച്ചു. ഇ. എം. എസ്. പതിനേഴാം വയസിൽ കടത്തനാട്ട് മാധവിയമ്മയുടെ ഭർത്താവ് എ. കെ. കുഞ്ഞികൃഷ്ണൻ നമ്പ്യാരുടെ 'സ്വദേശാഭിമാനി'യിൽ ഒരു ചെറുകഥ എഴുതിയിരുന്നു എന്നു മനോരമയിൽ വന്ന റിപ്പോർട്ടിനു 'കലാകൗമുദി'യുടെ പത്രാധിപർക്കുള്ള കത്തിൽ ഫോളോ അപ്പു വരെ വന്നു. ഇതേ പത്രാധിപർ തന്നെയല്ലേ പതിനേഴുവയസ്സുള്ള ടി. പത്മനാഭനാന്റെ ആദ്യകഥയും പ്രസിദ്ധീകരിച്ചത് എന്നായിരുന്നു വായനക്കാരന്റെ ശങ്ക. അതിനു പത്മനാഭന്റെ മറുപടിയുമുണ്ടായി: പത്രാധിപർ അതുതന്നെ. പക്ഷേ പത്രം വേറെയാണ്. നമ്പ്യാർ പിന്നീട് കണ്ണൂരിലാരംഭിച്ച 'നവജീവനിൽ' (മുണ്ടശേരി പത്രാധിപരായിരുന്ന നവജീവൻ അല്ല) ആണ് പത്മനാഭന്റെ ആദ്യകഥ പ്രസിദ്ധീകരിച്ചത്.

ഇങ്ങനെ പലതും പുതുതായറിഞ്ഞെങ്കിലും വസൂരിക്കുത്തില്ലാത്ത ആ ഫലിതത്തിന്റെ പേരിൽ എന്റെ വോട്ട് കാളിക്കുട്ടി പറഞ്ഞ കഥയ്ക്കാണ്.

ഇ. എം. എസിനെപ്പറ്റി രണ്ടുദിവസത്തെ റിപ്പോർട്ടിംഗിൽ നിന്നു മനസ്സിൽ പിടിച്ചു നിൽക്കുന്ന ഒരു വാചകം കൂടി ഉദ്ധരിക്കട്ടെ, അതു 'മനോരമ'യിൽ നിന്നു.

"വെള്ളിയാഴ്ച വൈകീട്ടു 4.30. ഇ. എം. എസ്. സമയത്തിൽ നിന്ന് ചരിത്രത്തിലേക്കു പ്രയാണമാരംഭിച്ചു. ഡർബാർ ഹാളിൽനിന്നു ചിതയിലേക്ക് ഒന്നേകാൽ മണിക്കൂർ. പഴയൊരു പ്രസംഗത്തിന്റെ സമയം. അതു കഴിഞ്ഞ് അദ്ദേഹം ചരിത്രമായി".

എല്ലാ നല്ല ആശയങ്ങൾക്കും വാചകങ്ങൾക്കുമുള്ള ദുര്യോഗം പിന്നീടത് ബീഭൽസമാംവിധം ആവർത്തിക്കപ്പെടുമെന്നതാണ്. പൗലോസ് മാർ പൗലോസിന്റെ വിലാപയാത്രാ റിപ്പോർട്ടുകളിൽ ഇങ്ങനെയൊരു വാചകമുണ്ടാകുമെന്നു ഞാൻ ഭയപ്പെട്ടിരുന്നു; ഭാഗ്യം ഉണ്ടായില്ല: "ഒന്നോകാൽ മണിക്കൂർ. ഒരു കുർബാനയുടെ സമയം".

ഇത്തവണ എസ്. എസ്. എൽ. സി. പരീക്ഷയിലെ ഏറ്റവും വലിയ പിന്നാമ്പുറ വാർത്ത അച്ഛനും മകനും കൂടി പരീക്ഷയെഴുതുന്നതായിരുന്നു. നാലു പത്രങ്ങളിലാണ് ഞാനതു വായിച്ചത്.

നേരെ പറയുന്ന വാർത്തയെന്നല്ല. പക്ഷേ അങ്ങനെ പറയുമ്പോൾ തലക്കെട്ടിൽ പറയുന്നതുതന്നെയായിപ്പോവും ആദ്യ ഖണ്ഡികയിലും.

തൃശൂർ എക്സ്പ്രസിലെ വാർത്ത ഇങ്ങനെ: മകനോടൊപ്പം എസ്. എസ്. എൽ. സി. പരീക്ഷയെഴുതാൻ പിതാവും. പി. ടി. എ. പ്രസിഡണ്ടു കൂടിയായ പഞ്ചായത്ത് മെമ്പർ തങ്ങളോടൊപ്പം പരീക്ഷയെഴുതാനെത്തിയപ്പോൾ വിദ്യാർഥികൾക്കു കൗതുകം....

തലക്കെട്ട്: മകനോടൊപ്പം അച്ഛനും പരീക്ഷയെഴുതി. ദീപികയിലെ വാർത്ത: ഗ്രാമപഞ്ചായത്തു മെമ്പറായ അച്ഛൻ മകനുമൊത്ത് പരീക്ഷയെഴുതി. ഒരേ പരീക്ഷാ ഹാളിൽ.

രാഷ്ട്രീയ തെരഞ്ഞെടുപ്പു പരീക്ഷണങ്ങളിലുണ്ടായതിനേക്കാൾ ഉള്ളുഷ്ണത്തോടെയാണ് കൂർക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡ് മെമ്പറായ പെരിഞ്ചേരി പി. പി. ഡേവിഡ് ഇന്നലെ എസ്. എസ്. എൽ. സി. പരീക്ഷാഹാളിൽ എത്തിയത്....

തലക്കെട്ട്: മകനു പരീക്ഷ 'ഈസി' അച്ഛന് തരക്കേടില്ല. മാതൃഭൂമിയിലെ വാർത്ത: സ്ക്കൂൾ പി. ടി. എ. പ്രസിഡണ്ട് അതേ സ്കൂളിൽ എസ്. എസ്. എൽ. സി. പരീക്ഷയെഴുതി. അതും മകനോടൊപ്പം. കണിമംഗലം എസ്. എൻ. ബോയ്സ് ഹൈസ്കൂളിലായിരുന്നു പരീക്ഷാകേന്ദ്രം.

കൂർക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡ് മെമ്പർ കൂടിയായ പി. പി. ഡേവിഡാണ് മകൻ വിപിനോടൊപ്പം തിങ്കളാഴ്ച യെഴുതിയത്. ആദ്യ ദിവസത്തെ പരീക്ഷ എളുപ്പമായിരുന്നെന്നും മകനും പറയുന്നു....

തലക്കെട്ട്: പി. ടി. എ. പ്രസിഡണ്ട് മകനോടൊപ്പം പരീക്ഷയെഴുതി. ഇവയിൽ നിന്നു വ്യത്യസ്തമായി മനോരമയിലെ റിപ്പോർട്ടിന് ആസ്വാദ്യത കൂടുതലുണ്ടായിരുന്നു. റിപ്പോർട്ട് ഇങ്ങനെ:

കൂർക്കഞ്ചേരി പഞ്ചായത്ത് 13-ാം വാർഡിലെ സി. പി. എം. മെമ്പർ ചിയ്യാരം പെരിഞ്ചേരി ഡേവിഡും പുത്രൻ വിപിനും എസ്. എസ്. എൽ. സി. പരീക്ഷയിൽ നേരിട്ട ആദ്യ രണ്ടു ചോദ്യങ്ങൾക്കും ഒരേ ഉത്തരമാണെഴുതിയത്.

'ജീവിതയാത്രയിൽ ചെക്കു ബുക്കിനെക്കാൾ ഉപകരിക്കുന്നതായി ലേഖകൻ കരുതുന്നതെന്ത്' എന്ന് ആദ്യ ചോദ്യം. നീതി, ഭക്തി, ധർമം, സത്യം, എന്നിങ്ങനെ ബ്രാക്കറ്റിലുള്ള ഉത്തരങ്ങളിൽ ഒടുവിലത്തേതു രണ്ടു പേരും തെരഞ്ഞെടുത്തു.

'ഉസ്മാൻ സതിയെ തട്ടിക്കൊണ്ടുപോയതിന്റെ ലക്ഷ്യം' എന്ന രണ്ടാം ചോദ്യത്തിനു മുന്നിലും രാഷ്ട്രീയക്കാരനായ അച്ഛനും മകനും വിരുദ്ധ ചേരിയിലായില്ല. മന്ത്രി പദപ്രാപ്തി തന്നെ ലക്ഷ്യം.

'വ്യാകരണ ശാസ്ത്രം ഉണ്ടാകുന്നത്' എന്ന മൂന്നാം ചോദ്യത്തിന് ഭാഷ വളരുമ്പോൾ എന്നു ഡേവിഡിന്റെ ഉത്തരം. ഭാഷ മുരടിക്കുമ്പോൾ എന്നു വിപിന്റേത്. കടകവിരുദ്ധം....

റിപ്പോർട്ട് ഇങ്ങനെ വ്യത്യസ്തമായിരിക്കുമ്പോൾ തലക്കെട്ട് 'മകനോടൊപ്പം അച്ഛനും പരീക്ഷയെഴുതി' എന്നായാൽ തന്നെ ആവർത്തനവിരസത ഒഴിവാക്കാമല്ലോ?

തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ സജീവമായ വിഷയമാണ് പട്ടാളക്കാർക്കും മറ്റുമുള്ള പ്രോക്സിവോട്ടിംഗ്. പകരം വോട്ട്, പകരക്കാരനെക്കൊണ്ടു വോട്ട് എന്നിങ്ങനെ പല പത്രങ്ങളും തർജമ ചെയ്യുമ്പോൾ 'മാതൃഭൂമി' നമ്മുടെ ഭാഷയുടെ ഈടു വയ്പിൽനിന്നു തന്നെ ഒരു വാക്കെടുത്തു പ്രയോഗിച്ചു. മുക്ത്യാർവോട്ട്.

Hung Parliament ന് ഈ യോഗം ഉണ്ടായില്ല. എന്തൊക്കെ തർജമകൾ. തൂക്കു പാർലമെന്റ്, ത്രിശങ്കുപാർലമെന്റ്. ഇപ്പോഴിതാ വിന്യസിത പാർലമെന്റും.!

സ്ഥലം വിൽക്കാനുണ്ട് എന്ന പരസ്യത്തിൽ ഹോട്ടലിനു പറ്റിയ സ്ഥലം തിയേറ്ററിനു പറ്റിയ സ്ഥലം എന്നൊക്കെ കാണാറുണ്ട്. കോട്ടയത്തിന്റെ പ്രശസ്തിയേപ്പറ്റിയറിയാൻ 'മാതൃഭൂമി'യുടെ ക്ലാസിഫൈഡ് കോളത്തിൽ വന്ന ഈ പരസ്യം വായിക്കുക: സ്ഥലം വിൽപനയ്ക്ക്. എസ്. എച്ച്. മൗണ്ട് പോസ്റ്റാഫിസിനു സമീപം പത്രസ്ഥാപനം, ഹോസ്റ്റൽ, ഹോസ്പിറ്റൽ പണിയുന്നതിനുപറ്റിയ 20 സെന്റ് സ്ഥലം വിൽപനക്ക്. ■

പ്രൂഫ് റീഡർ എന്ന എഡിറ്റർ

കേരളത്തിലെ ഒരു പ്രമുഖ മലയാള പത്രത്തിൽ "ശ്രീരാമൻ രാവണനെ വധിച്ച ദിവസം" എന്നത് "ശ്രീരാമൻ വിഷ്ണുവിനെ വധിച്ച ദിവസം" എന്ന് അച്ചടിച്ചു വന്നു. ഈ തെറ്റിന് ആരാണ് ഉത്തരവാദി? ആ വാക്യഘടകമടങ്ങിയ ലേഖനത്തിന്റെ അവസാനത്തെ പ്രൂഫ് വായച്ച ആളാണ് ഉത്തരവാദി എന്ന് ഞാൻ കരുതുന്നു.

ലേഖനമെഴുതുന്ന ആൾക്ക് തെറ്റ് പറ്റിയെന്നുവരാം. അത്തരം തെറ്റുകൾ കണ്ടെത്തി തിരുത്തുകയെന്നത് സംശോധകനായ എഡിറ്ററുടെ ചുമതലയാണ്. ചിലപ്പോൾ അത് എഡിറ്ററുടെ ശ്രദ്ധയിൽ പെട്ടില്ലെന്നുംവരാം. അത്തരം സന്ദർഭങ്ങളിൽ തെറ്റു തിരുത്താൻ ചുമതലപ്പെട്ട ആളാണ് പ്രൂഫ് റീഡർ. എഡിറ്റർ വാചകം വായിക്കുമ്പോൾ പ്രൂഫ് റീഡർ വാക്കുകൂടി വായിക്കുന്നു. അതിനാൽ വാചകത്തെറ്റുമാത്രമല്ല, അക്ഷരത്തെറ്റുകൂടി കണ്ടെത്താൻ അയാൾക്കു കഴിയുന്നു. തെറ്റ് ഗൗരവപ്പെട്ടതാണെങ്കിൽ അത് എഡിറ്ററുടെ ശ്രദ്ധയിൽ പെടുത്തി തിരുത്തിക്കണം. ഗൗരവപ്പെട്ടതല്ലെങ്കിൽ സ്വയം തിരുത്തണം. അങ്ങിനെ അവസാനമായി തെറ്റ് കണ്ടെത്തി തിരുത്താൻ ചുമതലപ്പെട്ട ആളാണ് പ്രൂഫ് റീഡർ. അയാൾ പത്രസ്ഥാപനത്തിലെ അവസാനത്തെ എഡിറ്റർ (സംശോധകൻ) ആണ്. അതിനാൽ എഡിറ്ററെക്കാൾ കൂടുതലായി ജാഗരൂകത പാലിക്കാൻ അയാൾ ബാദ്ധ്യസ്ഥനാണ്.

"കേരള പാണിനീയത്തിനു ശേഷം പ്രസിദ്ധീകരിക്കപ്പെട്ട മലയാള പുസ്തകങ്ങളിൽ വെച്ച് എറ്റവും ഒഴിച്ചുകൂടാത്തവ"യിൽ ഒന്ന് എന്ന് പ്രസിദ്ധ സാഹിത്യകാരനായ സഞ്ജയൻ (എം. ആർ നായർ) വിശേഷിപ്പിച്ച "മലയാള ശൈലി" എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ കർത്താവായ കെ. എം. കുട്ടികൃഷ്ണമാരാർ ഒരു പത്രസ്ഥാപനത്തിലെ അത്തരമൊരു പ്രൂഫ്റീഡർ ആയിരുന്നു എന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്. എഡിറ്ററുടെ തെറ്റ് കണ്ടെത്തി തിരുത്തിയിരുന്ന ഒരാളാണദ്ദേഹം.

എ. കെ. തങ്കപ്പൻ

Memorandum to PRIME MINISTER

Kozhikode,
17th May 1998.

Respected Prime Minister,

Your goodself may be aware that the wages and benefits of the working journalists of the country are fixed as per the Working Journalists Act and on the basis of recommendations of the Wage Board from time to time, appointed as per the provisions of the Act passed by the Parliament of the country.

Your goodself may also be aware of the fact that the Wage Board was set up to assure industrial peace in the media sector and to assure wages relatable to the important functions and responsibilities undertaken by journalists in a democratic set up.

With respect and grave concern, we bring to your kind notice the fact that restructuring of journalist's wages and other benefits was delayed due to the delay in setting up the Wage Board and delays in its functioning.

We respectfully bring the following matters into your kind notice.

The wage board chaired by Justice R. K. Manisana Singh was set up in 1994. The Board is yet to submit its report. The working journalists of the entire country are in despair as the possibility of revision of wages was expected during this year but it didn't happen.

The last revision of wages of working journalists was effected in 1989. The Working Journalists Act assure that revision of wages of working journalists should be effected once in every five year. In fact, it is not happening even once in ten years.

The changes in the economic front in the country recently has been reflected in the wage structures of almost all kinds of labourers. The salary structure of Central government employees, bank employees, college teachers and others have been revised. Due to lack of timely revision as prescribed by the Working Journalists Act, the journalists remain as one of the low paid category of employees in the country.

We request your kind attention to this grave situation and use your good offices for making the salary revision report available immediately and to implement it without any further delay.

Another serious matter we want to bring to your notice concerns the interim relief. The last interim relief was declared nearly two and half years ago. As there was much delay, we request your government to declare the second installment of interim relief without any further delay.

In hundreds of small and medium newspapers of the country, thousands of journalists are working without wages sufficient to survive and without other benefits. Wage Board recommendations are not implemented in these establishments.

We request you to enact a suitable legislation or to amend the Working Journalists Act with severe provisions to make sure that all newspaper establishments in the country implement fully the recommendations of the Wage Board regarding wages and other benefits to journalists.

With expectation of positive actions on matters brought to your kind notice.

We remain,

Thanking you.

Sincerely,

N. P. Rajendran
President
Kerala Union of Working Journalists.

S. Jayasankar
Secretary
Kerala Union of Working Journalists.

കെ. പി. അപ്പൻ

സ്വാതന്ത്ര്യം വാർത്താവ്യവഹാരത്തിലൂടെ

വർഷങ്ങൾക്കു മുമ്പ് വായിച്ച ഒരു വാർത്ത ഓർമ്മ വരുന്നു. ഒരു മന്ത്രിയുടെ കാറിന് നേരെ ഒരു ജാഥയിൽ പങ്കെടുത്ത ചിലർ നടത്തിയ ചെറിയൊരു ആക്രമണമായിരുന്നു സംഭവം. മന്ത്രിക്ക് ഒന്നും പറ്റിയില്ല. ബഹളത്തിൽ നിന്ന് രക്ഷപ്പെട്ട അദ്ദേഹം അടുത്തുള്ള വീട്ടിൽ കയറി ഇരുന്നു. ഇതായിരുന്നു നടന്നത്. മന്ത്രിയുടെ കാറ് നശിപ്പിച്ചു എന്നും മന്ത്രി ഗുരുതരമായ പരിക്കുകളോടെ രക്ഷപ്പെട്ടു എന്നും ഒരു പത്രം റിപ്പോർട്ടു ചെയ്തു. മന്ത്രിയെ അനുഗമിച്ച പോലീസും ജാഥയിലെ അംഗങ്ങളും തമ്മിൽ ഏറ്റുമുട്ടിയെന്ന് വേറൊരു പത്രം അറിയിച്ചു. ജാഥ കണ്ട് ഭയന്ന് മന്ത്രി ഓടി ഒരു വീട്ടിൽ കയറി എന്ന് മറ്റൊരു പത്രം റിപ്പോർട്ടു ചെയ്തു.

പത്രപ്രവർത്തകന്റെ മരണം

പത്രം വായിക്കുന്ന കാര്യത്തിൽ മലയാളി ഉദാരമായൊരു ശീലം രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. മലയാളി ഒന്നിൽക്കൂടുതൽ പത്രം വായിക്കുന്നു. ഇതൊരു നന്മയാണ്. ഈ നന്മ അയാൾക്ക് വിനയായിത്തീരുന്നു. കാരണം പലതരം വാർത്തകളിൽ നിന്ന് യഥാർത്ഥ സംഭവം രൂപപ്പെടുത്തിയെടുക്കാൻ അയാൾക്ക് കഴിയാതെ വരുന്നു. അതിനാൽ വാർത്ത ഒരു വ്യാജഭാവമായോ അസംബന്ധമായോ ദാലിയുടെ ഒരു ചിത്രമായോ പ്രഭാതത്തിൽ അയാളുടെ മുമ്പിൽ അവതരിക്കുന്നു. ഓരോ പത്രത്തിന്റെയും നയമാണ് വാർത്തയെ ഈ വിധം വികലമാക്കുന്നത്. വായനക്കാരൻ ഈ പത്രങ്ങൾ മുടങ്ങാതെ വായിക്കുകയും വാർത്തയെ അവിശ്വാസത്തോടെ കാണുകയും ചെയ്യുന്നു. ഈ അവിശ്വാസത്തിൽ നിശ്ശബ്ദമായ ഒരു മരണമുണ്ട്. അത് പത്രപ്രവർത്തകന്റെ മരണമാണ്.

വർത്തമാന പത്രവും ടെലിവിഷനും വസ്തുതകളെക്കുറിച്ചുള്ള അന്വേഷണമാണ് നടത്തുന്നത്. എന്നാൽ വസ്തുതകളുടെയോ സംഭവങ്ങളുടെയോ അറിയിക്കൽ വാർത്തയാകുന്നില്ല. വാർത്തയല്ല, വാർത്താവ്യവഹാരമാണ് (News discourse) പത്രപ്രവർത്തകൻ സൃഷ്ടിക്കേണ്ടത്. അതു സൃഷ്ടിക്കുമ്പോഴാണ് അയാൾ പുതിയൊരു വാർത്താപ്രവർത്തകനാകുന്നത്. സ്വന്തം ലോകങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയുന്ന വാർത്തകളാണ് വാർത്താവ്യവഹാരങ്ങൾ. സ്റ്റർട്ട് അലനെപ്പോലെയുള്ളവർ ഈ വഴിക്ക് ചിന്തിക്കുന്നത് കാണാം.

വാർത്തയും കലാസൃഷ്ടിയും

വാർത്താവ്യവഹാരത്തിൽ പ്രത്യയശാസ്ത്രങ്ങളുടെ പ്രശ്നങ്ങളുണ്ട്. കലാസൃഷ്ടിയും വാർത്തയും രണ്ടാണ്. കലാകാരൻ രൂപങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും സംസാരിക്കുന്ന ജീവിയാണ്. എന്നാൽ പത്രപ്രവർത്തകൻ വസ്തുതകളിലൂടെയും മൂല്യധാരണകളിലൂടെയും സംസാരിക്കുന്ന ജീവിയാണ്. സമൂഹത്തിൽ വികാരങ്ങളുടെയും വിശ്വാസങ്ങളുടെയും ലോകമുണ്ട്. ഇത് യുക്തിക്ക് അതീതമായി നിൽക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ ലോകമാണ്. ഇതിനെയെല്ലാം ഉടച്ചും മാറ്റിപ്പണിതും കൃതി അതിന്റേതായ പ്രത്യയശാസ്ത്രം നിർമ്മിക്കുന്നു. മാർക്സിസ്റ്റ് സാഹിത്യചിന്തകരിൽ നാം ഇങ്ങനെയൊക്കെ വായിക്കുന്നു. എന്നാൽ പത്രപ്രവർത്തകൻ സമകാലിക ചരിത്രത്തെ ലക്ഷ്യമാക്കിക്കൊണ്ട് സമൂഹത്തിലെ പ്രത്യയശാസ്ത്രത്തെ മാറ്റി മറിക്കാതെ തന്റേതായ മൂല്യധാരണയിലൂടെ അത് അവതരിപ്പിക്കുന്നു. സംഭവങ്ങൾക്ക് പിന്നിലെ യാഥാർത്ഥ്യത്തിന്റെ വിവക്ഷകൾ മൂല്യധാരണകളുടെ പശ്ചാത്തലത്തിൽ പത്രങ്ങളിലൂടെ അയാൾ അവതരിപ്പിക്കുന്നു. അതിൽ ആശയങ്ങളുടെ ഒരു ശാസ്ത്രമുണ്ട്. അത് ചർച്ച ചെയ്യപ്പെടുന്നില്ല. എന്നാൽ അതിന്റെ സംസ്കാരം പ്രചോദനമായി നിൽക്കുന്നത് വായനക്കാർ കാണുന്നു. ഇത് പത്രപ്രവർത്തകൻ രചനയിൽ നേരിട്ടു പ്രതിഫലിപ്പിക്കാത്ത ധർമശാസ്ത്രജീവിതമാണ്.

ഇത് വാർത്താ വ്യവഹാരത്തിലേക്കുള്ള നീക്കമാണ്. ഇതിന് പകരം സമൂഹത്തിന്റെ ഉപരിതലത്തിലെ കിംവദന്തികൾ വാർത്തയായി കൊടുക്കുമ്പോൾ വാർത്ത അസംബന്ധവും അനീതിയുമായിത്തീരുന്നു. ഒരു ചലച്ചിത്രനടന്റെ വീട്ടിൽനിന്ന് ഒളിച്ചോടിപ്പോയ പയ്യനെക്കുറിച്ച് പത്രപ്രവർത്തകർ നിർമ്മിച്ചെടുത്ത കൊലപാതകത്തിന്റെ വാർത്ത സമൂഹത്തിന്റെ വികലഭാവനയിൽനിന്ന് സ്വീകരിച്ചതായിരുന്നു. പ്രധാനപ്പെട്ട ഒരു ശാസ്ത്രജ്ഞനെക്കുറിച്ച് നാടകീയതയോടെ എഴുതിപ്പിടിപ്പിച്ച കഥയും വാർത്തയല്ലായിരുന്നു. വലിയൊരു വ്യവസായപ്രമുഖനെക്കുറിച്ച് അയാളുടെ മരണത്തിന് മുമ്പും പിമ്പും വന്ന വാർത്ത

വർത്തമാന പത്രവും ടെലിവിഷനും വസ്തുതകളെക്കുറിച്ചുള്ള അന്വേഷണമാണ് നടത്തുന്നത്. എന്നാൽ വസ്തുതകളുടെയോ സംഭവങ്ങളുടെയോ അറിയിക്കൽ വാർത്തയാകുന്നില്ല. വാർത്തയല്ല, വാർത്താവ്യവഹാരമാണ് (News discourse) പത്രപ്രവർത്തകൻ സൃഷ്ടിക്കേണ്ടത്. അതു സൃഷ്ടിക്കുമ്പോഴാണ് അയാൾ പുതിയൊരു വാർത്താപ്രവർത്തകനാകുന്നത്.

കൾക്ക് അപസർപ്പകഥകളുടെ യാന്ത്രികതയും സെന്റിമെന്റലിസത്തിന്റെ സ്വരവുമാണ് ഉണ്ടായിരുന്നത്. ഇത്തരം വാർത്തകൾക്ക് പിന്നിലെ സദാചാരധ്വംസനം മറക്കാം. നീതിയില്ലായ്മയെ മറക്കാം. വ്യക്തിയുടെ സ്വകാര്യതയ്ക്ക് നേരെയുള്ള അനാദരവിനെ മറക്കാം. കാരുണ്യമില്ലായ്മയെ മറക്കാം. എന്നാൽ ഗുരുതരമായ മൂല്യനിഷേധം ഇവിടെയെല്ലാം ഉണ്ട്. കാരണം ഈ സന്ദർഭങ്ങളിൽ വാർത്താപ്രവർത്തകൻ അന്വേഷകനായിരുന്നില്ല. ഉപരിപ്ലവനിരീക്ഷകൻ പോലുമായിരുന്നില്ല. കിംവദന്തികളെ വാർത്തയാക്കുന്ന മൂല്യനിഷേധത്തിലാണ് പത്രപ്രവർത്തകൻ ചെന്നെത്തിയത്.



നിജസ്ഥിതിയും മൂല്യധാരണയും പത്രങ്ങളിൽ നിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണോ? ജനങ്ങളുടെ എല്ലാ വിധ സ്വാതന്ത്ര്യത്തെയും പരിരക്ഷിച്ചു കൊണ്ടിരിക്കുന്ന ഒരു വിഭാഗം ബുദ്ധിജീവികളിൽ നിന്ന് ഇങ്ങനെയൊക്കെ ഉണ്ടാകുമ്പോൾ ആ പാപത്തിന്റെ ഭാരം വർദ്ധിക്കുന്നു. പത്രപ്രവർത്തകന് പൂർണമായ സ്വാതന്ത്ര്യമില്ല. എല്ലാ തൊഴിലിനുമുള്ള പരിമിതി ഈ തൊഴിലിനുമുണ്ട്. പത്രം ഇന്ന് അതിവേഗം വിറ്റുതീരേണ്ട ഒരു കമ്പോളച്ചരക്കാണ്. ഇത് പത്രപ്രവർത്തകന്റെ സ്വാതന്ത്ര്യത്തെ വീണ്ടും പരിമിതപ്പെടുത്തുന്നു. എന്നാൽ ഒരു ബുദ്ധിജീവി എന്ന നിലയിൽ ഈ പരിമിതിയിൽ നിന്നുകൊണ്ട് തന്റെ തായൊരു രചനാപരമായ സ്വാതന്ത്ര്യത്തെ രൂപപ്പെടുത്താൻ അയാൾക്ക് കഴിയും. വാർത്താ വ്യവഹാരത്തിന്റെ സൃഷ്ടിയിലൂടെയാണ് ഈ സ്വാതന്ത്ര്യത്തെ അയാൾ രൂപപ്പെടുത്തുന്നത്. വാർത്താവ്യവഹാരങ്ങൾ ഉണ്ടാകുന്നില്ല എന്നു പറഞ്ഞാൽ വാർത്താ പ്രവർത്തകൻ അയാളുടെ സ്വാതന്ത്ര്യത്തെ രൂപപ്പെടുത്തുന്നില്ല എന്നാണ് അർത്ഥം. ■

ഫീച്ചർ ഈച്ചകൾ

കെ. രഘുനാഥൻ-മാതൃഭൂമി

പത്രങ്ങളുടെ വാരാന്തപ്പതിപ്പിൽ/വാരികകളിൽ ആർത്തിരമ്പുന്ന ഈച്ചകളായി ഫീച്ചറെഴുത്തുകാരെ വിശേഷിപ്പിക്കാം. ചവറെന്നോ, പലഹാരമെന്നോ തൊഴുത്തെന്നോ അടുക്കളയെന്നോ വ്യത്യാസമില്ലാതെ എവിടെയും ആരേയും അന്വേഷിച്ച് ഇത്തരം ഈച്ചകൾ ഭാഷയിൽ പറന്നുകൊണ്ടിരിക്കുന്നു. സൈലന്റ് വാലി, തകഴി ശിവശങ്കരപ്പിള്ള, പൂന്താനം ഇല്ലം, ഗുരുവായൂർ ആനക്കൊട്ടിൽ, മാധവിക്കുട്ടി, ആതിരപ്പിള്ളി, കെ. പി. അപ്പൻ, നിളാനദി തുടങ്ങിയ സ്ഥിര പുരാതന വിഷയങ്ങൾ ഈച്ചകൾക്ക് ഒരിക്കലും മടുക്കുന്നില്ല. അവനവൻ തന്നെ എഴുതിയ മുൻലേഖനങ്ങൾ ചെറിയൊരു പ്ലാസ്റ്റിക് സർജറിയിലൂടെ പരിഷ്കരിച്ച് അതേ വാരാന്തത്തിൽ/വാരികയിൽ കുറച്ചു നാളുകൾക്കുശേഷം കണ്ടെന്നുവരും - ചിലപ്പോൾ ആദ്യം വന്ന അതേ പേജിൽതന്നെ.

തൊഴിലില്ലായ്മയിൽനിന്നോ ഗുമസ്തപ്പണിയിൽനിന്നോ രാഷ്ട്രീയക്കാരന്റെ പ്രസംഗം പകർത്തൽ എന്ന പത്രപ്രവർത്തകന്റെ സ്ഥിരം ജോലിയിൽ നിന്നോ ഉള്ള താല്ക്കാലവിമുക്തിയോ, വിനോദമോ, ആയി ഇവയിൽ ചിലതിനെ കാണാമെങ്കിലും സാഹിത്യത്തിലേക്കു കയറി ഉപരിപ്ലവമായ ചില നിഗമനങ്ങൾ കാച്ചുമ്പോഴാണ് അത് ഈച്ച ശല്യമായി മാറുന്നത് - അങ്ങനെ ഒ. വി. വിജയന്റെ പൂച്ചയിലും ബഷീർ കുറുക്കനെ എറിഞ്ഞ താമ്രപത്രത്തിലും തകഴിയുടെ മുണ്ടിലും വർക്കിയുടെ ബീഡിപ്പുകയിലും ഈച്ചകൾ കയറിക്കൂടുന്നു. സാഹിത്യം ആരുടെയും കുത്തകയല്ല. ആർക്കും കൈകാര്യം ചെയ്യാം. പക്ഷെ കൃതികളെപ്പറ്റി ഒന്നുമറിയാതെ, പറയാതെ സാഹിത്യഫീച്ചർ പുറം കാഴ്ചകൾ കാണുമ്പോഴാണ്, പൂച്ചയും കൗപീനവും താമ്രപത്രവും ബീഡിയുമൊക്കെ മഹത്തായ സാഹിത്യചിഹ്നങ്ങളായി അവതരിപ്പിക്കുമ്പോഴാണ് ഫീച്ചറെഴുത്തുകാരൻ ഈച്ചയുടെ ആക്രാന്തവും ഉപരിപ്ലവതയുമുള്ള രോഗവാഹിയായ ഷഡ്പദമായി മാറുന്നത്. കഥയും കവിതയും സിനിമാനിരൂപണം പോലും എഴുതിത്തോറ്റവനും, അതിലേക്കുള്ള പാലം ഫീച്ചർ വഴി പണിയുന്നവനും ഇക്കൂട്ടത്തിലുണ്ട്.

> സാഹിത്യം ആരുടെയും കുത്തകയല്ല. ആർക്കും കൈകാര്യം ചെയ്യാം. പക്ഷെ കൃതികളെപ്പറ്റി ഒന്നുമറിയാതെ, പറയാതെ സാഹിത്യഫീച്ചർ പുറം കാഴ്ചകൾ കാണുമ്പോഴാണ്, പൂച്ചയും കൗപീനവും താമ്രപത്രവും ബീഡിയുമൊക്കെ മഹത്തായ സാഹിത്യചിഹ്നങ്ങളായി അവതരിപ്പിക്കുമ്പോഴാണ് ഫീച്ചറെഴുത്തുകാരൻ ഈച്ചയുടെ ആക്രാന്തവും ഉപരിപ്ലവതയുമുള്ള രോഗവാഹിയായ ഷഡ്പദമായി മാറുന്നത്.

സാഹിത്യമല്ല, സാഹിത്യകാരനാണ് ഈച്ചകളുടെ ലക്ഷ്യം. എത്രകാലമായി തകഴിയെക്കൊണ്ട് കടാപ്പുറത്തെപ്പറ്റിയും പുഞ്ചപ്പാടത്തെപ്പറ്റിയും 99ലെ വെള്ളപ്പൊക്കത്തെപ്പറ്റിയും നമ്മളോട് ഈച്ചകൾ പറയിപ്പിച്ചുകൊണ്ടിരിക്കുന്നു. സഞ്ചിയും തൂക്കി ചൂമ്മാ അങ്ങ് കയറിച്ചെല്ലുകയാണ് എന്നിട്ട് അരനൂറ്റാണ്ടായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന അതേകാര്യങ്ങൾ പഞ്ചപുച്ഛമടക്കിനിന്നു കേട്ട് എന്തോ മഹത്തായ കർമ്മം അനുഷ്ഠിക്കുന്നപോലെ, പകർത്തിവെക്കുകയും ചെയ്യുന്നു. വാരാന്ത/വാരിക എഡിറ്റർമാർക്ക് അതെന്താണെന്ന നോട്ടമില്ല. വർക്കിയാണോ സൈലന്റ് വാലിയാണോ കുട്ടനാടാണോ എന്നാൽ യന്ത്രത്തിൽ കയറ്റിയേക്കാം എന്ന മനോഭാവമാണ്. ഇതുവരെ കേൾക്കാത്തത് വല്ലതുമുണ്ടോ പറയാത്തതുണ്ടോ എന്ന നോട്ടമില്ല കാരണം പല എഡിറ്റർമാരും ഇത്തരം ഉപരിപ്ലവന്മാരാണ്. ഈച്ചകൾ ഇത്ര അധികം പെരുകിയത് ഇവരുടെ ഓടകളിൽ നിന്നത്രെ. മരുന്നുതളി ഇവിടെനിന്നാണ് തുടങ്ങേണ്ടത്.

ക്ഷൗരം പഠിക്കുന്നത് കാരണവന്മാരുടെ മുഖത്തുനിന്നു തന്നെയാവാം എന്ന് ഫീച്ചറീച്ചകൾ മനോരാജ്യം കാണുന്നത് സ്വാഭാവികം. വീട്ടിൽതന്നെ ഉണ്ടാവുമെന്നതിനാൽ കണ്ടെത്താൻ എളുപ്പം, പ്രസിദ്ധീകരണം ഉറപ്പ്, പഴയ കട്ടിംഗുകൾ, സ്ഥിരം വെക്കാബുലറി. ബഷീർ മരിച്ചതോടെ ഈച്ചകൾക്ക് നല്ലൊരു പലഹാരമാണ് പോയത്. അല്ലെങ്കിൽ സഞ്ചിയും തൂക്കി മുഖത്തു വെള്ളം പോലും ഒഴിക്കാതെ നേരെ ബേപ്പൂർക്ക് വണ്ടി കയറിയാൽ മതിയായിരുന്നു. എന്നിട്ടു ഊടുവഴി, പടി എന്നിവിടങ്ങളിൽനിന്നേ എഴുത്തു തുടങ്ങും. എല്ലാ ഫീച്ചറുകളിലും പറയുന്നത് ഒരേ കാര്യമായതുകൊണ്ട് ഇത് വീട്ടിലിരുന്നുതന്നെ എഴുതാവുന്നതേയുള്ളൂ. എന്നാലും ഔപചാരികതയ്ക്കു വേണ്ടി നേരിലൊന്നു കാണണം, അത്രതന്നെ. ബഷീറിന്റെ സുലൈമാനി, ബീഡി, കുറുക്കൻ താമ്രപത്രം, ഗ്രാമഫോൺ, സൈഗാൾ, ആട്, ആസ്തമ, തുപ്പൽ ഇതൊക്കെ എത്ര വിശേഷോത്തരമാണെന്നോ! ഫീച്ചറെഴുത്തു പഠിക്കാൻ ഇത്ര എളുപ്പമുള്ള ഒരു കോഴ്സ് വേറെയുണ്ടായിരുന്നില്ല. അതല്ലെ പടച്ചവൻ കൊണ്ടുപോയത്....! വലിവ് അധികമാണെന്നും

ശോധന പോരെന്നും പറഞ്ഞ് ബഷീർ എഴുതിയ ഒരു കാർഡ് മുഖചിത്രത്തിന്റെ സ്ഥാനത്ത് അച്ചടിച്ച് നിർവൃതി കൊണ്ട പത്രാധിപന്മാരും നിരാശരായി. കുറച്ചുനാൾ ബഷീർ ഇരുന്ന തിണ്ണയെപ്പറ്റി എഴുതി. ഭാഗ്യവശാൽ വീട്ടുകാർ അതു പൊളിച്ചു കളഞ്ഞു.

പിന്നെ തകഴിയിലേക്കായി തീർത്ഥയാത്ര. കുഞ്ഞുണ്ണി, കോവിലൻ, വി. കെ. എൻ എന്നിവരെയും ഇപ്പോൾ ഈച്ചകൾ പ്രോത്സാഹിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ലക്ഷണം കണ്ടിട്ട് അവർക്കും ഒരു ഭാവിയുണ്ടെന്ന് തോന്നുന്നു.

സാഹിത്യനിരൂപകന്റെ റോളിൽ ഇത്തരം ഈച്ചകൾ വേഷപ്പകർച്ച നടത്തിയിരിക്കുന്നു എന്നതാണ് വലിയ ദുരന്തം. പുസ്തകം വായിക്കാതെ വെറും കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ എത്ര ഗംഭീരമായ പ്രവചനങ്ങളാണ് ഇവർ നടത്തുന്നത്. ഏതെല്ലാം ഗഹനമായ നിഗമനങ്ങളിലാണ് ചെന്നെത്തുന്നത്. ഏറ്റവും പുതിയ സിദ്ധാന്തങ്ങളെ എത്ര അനായാസമാണ് മറി കടക്കുന്നത്. ഈച്ചകൾക്ക് സ്ഥലകാലഭേദമില്ല. വലിപ്പച്ചെറുപ്പമില്ല. സോഷ്യലിസ്റ്റുകളാണ് ഈച്ചകൾ. ഈ സോഷ്യലിസ്റ്റു ചിന്താഗതി കൊണ്ടാണ് സാഹിത്യത്തിൽ ഇന്ന് ഒരു പ്രസക്തിയുമില്ലാത്ത കാക്കനാടനെപ്പോലുള്ള കൊഴിഞ്ഞ ഫലങ്ങളെ വീണ്ടും ഞെട്ടിൽ തിരുകാൻ ഈച്ചകൾ പാടുപെടുന്നത്. എന്നിട്ട് കാക്കനാടൻ ഇന്നുവരെ ഒരു വിട്ടുവീഴ്ചയും ചെയ്യാത്ത എഴുത്തുകാരനാണ് എന്ന് പ്രഖ്യാപിച്ച് അദ്ദേഹത്തെ വിശുദ്ധനാക്കുന്നു. ചരിത്രമറിയാവുന്ന നമ്മളെ വിഡ്ഢികളാക്കുന്നു. മുത്തുച്ചിപ്പി പോലുള്ള ആർദ്രമാനസ വാരികയിൽ സമ്പൂർണ്ണ പൈങ്കിളി നോവലെഴുതുകയും കുട്ടിച്ചാത്തൻ പോലുള്ള കോടമ്പാക്കം സിനിമകൾക്ക് തിരക്കഥയെഴുതുകയും നാട്ടുകാർ കാശുപിരിച്ച് നിർമ്മിച്ചു കൊടുത്ത വീടിന്റെ താക്കോൽ ഗദ്ഗദകണ്ഠനായി ഏറ്റുവാങ്ങുകയും ചെയ്യുന്നതിനെ മലയാളത്തിൽ പിന്നെ എന്താണ് പറയുക. കോംപ്രമൈസ് എന്നോ?

ചരിത്രം അറിയാതെ (വല്ലതും വായിച്ചിട്ടു വേണമല്ലോ, അതിനു സമയമില്ല) ഇരച്ചു കയറാനേ സമയമുള്ളൂ. നിരുപദ്രവമായ കുറ്റാലം – നിളാനദി ഫീച്ചറുപോലെയല്ല സാഹിത്യത്തിലെ ഇത്തരം ശിഖണ്ഡി വേഷങ്ങൾ. ചരിത്രം തുടച്ചുനീക്കി പുതിയ തലമുറയ്ക്കു മുമ്പിൽ പുണ്യാളനായി നിൽക്കാൻ മേല്പ്പറഞ്ഞ ജീർണിച്ച എഴുത്തുകാരെയും മറ്റു പ്രമുഖരെയും ഈച്ചകൾ സഹായിക്കുന്നു. ഒന്നിലും ഈച്ചകൾ തിന്മ കാണുന്നല്ല. ഫാൻസ് അസോസിയേഷനും എച്ചിൽ ഭൂതകാലവും തുട്ടിനു വേണ്ടിയുള്ള സാഹിത്യവ്യഭിചാരവും തെണ്ടിത്തിരിഞ്ഞ് നടക്കുന്നതിന് മിസ്റ്റിക് പരിവേഷവും ഇവർക്ക് പ്രിയങ്കരം തന്നെ. വസ്തുതകളെ ആരാധനയോടെയല്ല, വായനക്കാരന്റെ വിമർശകന്റെ പക്ഷത്തു നിന്നുവേണം കാണാനെന്ന സത്യം ഈച്ചകൾ പലഹാരത്തിനു മുന്നിൽ മറന്നു പോകുന്നു. ചിലർക്കത് ഫീച്ചറെഴുത്തു പഠനമാണെങ്കിൽ ചിലർക്കു കടപ്പാടു തീർക്കലും ചിലർക്ക് പേര് അച്ചടിച്ചു കാണാനുള്ള സ്പ്രിങ് ബോർഡും ആണെന്ന വ്യത്യാസമേയുള്ളൂ.

ഫീച്ചർ "വർണ്ണ ശമ്പള" മാക്കാനുള്ള വ്യഗ്രതയിൽ കലർ[illegible]ാവുന്ന ജാടയൊക്കെ കലർത്തി ഭാഷ, നഞ്ചു കലക്കിയ കുളം പോലെയാക്കുന്നു. ഉപരിപ്ലവമായ വായനയുടെ അല്പവിജ്ഞാനത്തിന്റെ പടുകുഴികൾ സൃഷ്ടിക്കപ്പെടുന്നു. എഴുപതു കഴിഞ്ഞവനേ ഫീച്ചർ യോഗ്യതയുള്ളൂ എന്ന മൂരാച്ചിത്തരവുമുണ്ട് ഈച്ചകൾക്ക്. അതു കൊണ്ടാണ് ഫീച്ചറുകൾക്ക് ജരാനരകൾ ബാധിച്ചിരിക്കുന്നത്. ഈച്ചകളും കുരുന്നിലേതന്നെ വിവേചനബുദ്ധി നഷ്ടപ്പെട്ട ഷഡ്പദമന്ദബുദ്ധികളായിത്തീരുന്നു. ഗ്യാലറിയിലെ കയ്യടിക്കാരായി ജീവിതം മുഴുവൻ ഇവർ കരഞ്ഞു കൊണ്ടിരിക്കും.

ഇതൊക്കെ കേട്ട് ഇതിന്റെ കാരണക്കാർ മറുഭാഗത്തിരിക്കുന്നത് വാരിക/വാരാന്ത എഡിറ്റർമാർ. മുമ്പിൽ വരുന്നവരെ മാത്രമേ നോക്കൂ എന്ന നിർബന്ധമുള്ളവർ. ഈച്ചകളെ പ്രോത്സാഹിപ്പിക്കുന്ന മുഖ്യകാർമ്മികർ. പ്രതിഫലത്തിന്റെ കാര്യം പേര് അച്ചടിച്ചു കൊടുക്കുന്നതിൽ വരവുവെച്ച് ഈച്ചകളുടെ വംശവർദ്ധന നടത്തുന്നവർ ചെയ്യുന്നതെന്തെന്ന് അവരറിയുന്നില്ല.

അച്ചടി മാധ്യമത്തിൽ ഈച്ചകൾ പെരുകിക്കൊണ്ടിരിക്കുന്നു. കീടനാശിനി തളിക്കാൻ സമയമായി. ■

കെ. യു. ഡബ്ല്യു. ജെ. 57 പുതിയ അംഗങ്ങൾ

കോഴിക്കോട് പ്രസ് ക്ലബ്ബിൽ 98 മാർച്ച് 29ന് ചേർന്ന കെ. യു. ഡബ്ല്യു. ജെ. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം താഴെ പേര് ചേർത്ത പത്രപ്രവർത്തകർക്ക് യൂനിയൻ അംഗത്വം നൽകാൻ തീരുമാനിച്ചു.

എൻ. മനോജ്കുമാർ, സഞ്ജീവൻ അഴീക്കോട് – (ദീപിക, കണ്ണൂർ) ഡൊമിനിക് സെബാസ്റ്റ്യൻ – (രാഷ്ട്രദീപിക, കോട്ടയം) എസ്. ശ്രീകുമാർ, എം. എസ്. ഹരികുമാർ – (മാതൃഭൂമി, കോട്ടയം) എം. എസ്. ദിലീപ്, ബീഗം ബി. ബേനസീർ, ബിലാപ് സെൻഗുപ്ത, കെ. ഇ. ആന്റണി ജോൺ, ജോൺസൺ മാത്യു – (മനോരമ, കോട്ടയം) സ്റ്റീഫൻ അരീക്കര – (മംഗളം, കോട്ടയം) എം. സുരേന്ദ്രൻ, എസ്. മനോജ് – (ദേശാഭിമാനി, കോട്ടയം) വി. ഡി. ദേവസ്യ, ബിജി. സി. എം., തോമസ് ജോർജ് – (ദീപിക, കോട്ടയം) ടി. ജി. സുരേഷ്കുമാർ – (കേരള കൗമുദി, ആലപ്പുഴ) ഷാജൻ സി. കുമാർ – (ഇന്ത്യൻ എക്സ്പ്രസ്, കൊച്ചി) ജെ. എസ്. മനോജ് – (മാതൃഭൂമി, കണ്ണൂർ) എസ്. സനന്ദകുമാർ – (എക്ണോമിക് ടൈംസ്, കൊച്ചി) എം. കെ. കുര്യാക്കോസ്, കെ. മനോഹരൻ – (മനോരമ, കൊച്ചി) സി. സുജിത് ചന്ദ്രകുമാർ – (ദ വീക്ക്, കൊച്ചി) എം. സ്മിതി, പ്രിയംവദ ടി. സി. – (വീക്ഷണം, കൊച്ചി) എൻ. എം. ജാഫർ – (ചന്ദ്രിക, പാലക്കാട്) ഇഗ്നേഷ്യസ് പെരേര – (ഹിന്ദു, കൊല്ലം) ജി. മഹാദേവൻ, കെ. എസ്. ശ്രീരാജ്, ആനന്ദ് ഗോപിനാഥ്, കെ. കൃഷ്ണകുമാർ, സി. മായ – (ഹിന്ദു, തിരുവനന്തപുരം) വിനീത ഗോപി, സി. എച്ച് സജിത്കുമാർ, ഇ. വി. ശ്രീകുമാർ, കെ. ജയകുമാർ, യു. ഉണ്ണികൃഷ്ണൻ, വി. ഉണ്ണികൃഷ്ണൻ, അജിത് ബാബു – (മനോരമ, തിരുവനന്തപുരം) അജിത് ശ്രീനിവാസൻ – (മാധ്യമം, തിരുവനന്തപുരം) എം. ആർ പ്രവീൺ ചന്ദ്രൻ, മനോജ് മാത്യു – (ഇന്ത്യൻ എക്സ്പ്രസ്, തിരുവനന്തപുരം) സി. സദാനന്ദൻ, പി. ആർ. രാജേന്ദ്രൻ – (ജന്മഭൂമി, കോഴിക്കോട്) സജി ഫ്രാൻസിസ് – (മംഗളം, കോഴിക്കോട്) ഉദയ് കമ്മത്ത് – (ഇന്ത്യൻ എക്സ്പ്രസ്, കോഴിക്കോട്) എബി. ടി. അബ്രഹാം – (മാതൃഭൂമി, കോഴിക്കോട്) സി. സുരേന്ദ്രനാഥ് – (ഹിന്ദു ബിസിനസ്സ്ലൈൻ, കോഴിക്കോട്) കെ. പി. നന്ദകുമാർ – (സായാഹ്നശബ്ദം, കൊല്ലം) വി. കെ. ടോമി – (രാഷ്ട്രദീപിക, കൊല്ലം) കെ. എസ്. ശരത്‌ലാൽ – (ജന്മഭൂമി, പാലക്കാട്) ജിജോ മാത്യു – (ദീപിക, കാസർകോട്) വി. കൃഷ്ണൻകുട്ടി – (കേരള ടൈംസ്, പാലക്കാട്) ജെയിംസ് ആർപ്പൂക്കര – (പാലക്കാട്) ജോമോൻ ജോസഫ്, ജെയ്മോൻ ജോസഫ് – (ദീപിക, കണ്ണൂർ) ഫ്രാൻസിസ് ഇ. തടത്തിൽ – (രാഷ്ട്രദീപിക, തൃശൂർ)

പത്രപ്രവർത്തകനായ ഇ. എം. എസ്.

കേരളത്തിലെ ഇടതുപക്ഷ-കമ്മ്യൂണിസ്റ്റ് പത്രപ്രവർത്തനത്തിന്റെ ആദ്യപഥികരിൽ പ്രധാനിയായിരുന്നു ഇ. എം. എസ്. അദ്ദേഹം കിടയറ്റ രാഷ്ട്രീയ നേതാവ് എന്നതുപോലെ കൃതഹസ്തനായ പത്രപ്രവർത്തകനുമായിരുന്നു. ദൈനംദിന രാഷ്ട്രീയ പ്രവർത്തനത്തെ പത്രപ്രവർത്തനവുമായി ഇത്രമേൽ കൂട്ടിയിണക്കിയ നേതാവ് വേറെ കാണില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പത്രപ്രവർത്തനം രാഷ്ട്രീയ പ്രവർത്തനത്തിന്റെ അഭേദ്യഭാഗമായിരുന്നു. ലോകത്തെ മാറ്റി മറിക്കുകയെന്ന തത്വശാസ്ത്രത്തിൽ വിശ്വസിച്ച ഇ. എം. എസ്. ആ മാറ്റിമറിക്കലിനുള്ള ഉപകരണങ്ങളിലൊന്നായി പത്രപ്രവർത്തനത്തെ കണ്ടു. അതിനാൽ അവസാനശ്വാസം വരെ രാഷ്ട്രീയത്തിലെന്നപോലെ പത്രപ്രവർത്തനത്തിലും ആണ്ടുമുങ്ങി.

ഇ. എം. എസിന്റെ അച്ചടിച്ചുവന്ന ആദ്യ ലേഖനം "ഫ്രഞ്ചുവിപ്ലവവും നമ്പൂതിരിസമുദായവും" ആണ്. 1927ൽ ആ ലേഖനമെഴുതിയപ്പോൾ അദ്ദേഹം സ്കൂൾ വിദ്യാർത്ഥിയായിരുന്നു. 1785ലെ ഫ്രഞ്ചു വിപ്ലവം മനുഷ്യസമൂഹത്തിന്റെ ചരിത്രത്തിൽ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ വിപ്ലവത്തിന് തുടക്കും കുറിച്ചതുപോലെ നമ്പൂതിരി സമുദായത്തിൽ അന്നു നടന്നിരുന്ന സാമൂഹ്യ പരിഷ്ക്കാര പ്രസ്ഥാനങ്ങൾ സർവതോന്മുഖമായ ഒരു വിപ്ലവത്തിലേക്ക് ഉയരണമെന്നതായിരുന്നു ലേഖനത്തിന്റെ ആശയം ഒരു മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനെന്ന നിലക്ക് പത്രപ്രവർത്തനരംഗത്തേക്ക് കാലെടുത്തു വെക്കുന്നതിന്റെ തുടക്കമായിരുന്നു ആ ലേഖനം.

അതു പ്രസിദ്ധീകരിച്ച് രണ്ടു വർഷത്തിനു ശേഷം 1929ൽ തൃശൂരിലെ സെന്റ് തോമസ് കോളേജിൽ വിദ്യാർഥിയായി എത്തിയപ്പോയാണ് ഇ. എം. എസ്. ശരിയായ പത്രപ്രവർത്തക രംഗത്തേക്ക് പ്രവേശിക്കുന്നത്. ആ അവസരത്തിലാണ് അതുവരെ ഒരു മാസികയായി നടന്ന "ഉണ്ണി നമ്പൂതിരി" വാരികയായി മാറുന്നത്. പത്രാധിപർ ചങ്ങനാശ്ശേരി കെ. എൻ. കുട്ടൻ നമ്പൂതിരിപ്പാട്. മുഖപ്രസംഗമെഴുതുകയെന്ന ജോലി മാത്രമേ പത്രാധിപർ നിർവ്വഹിച്ചിരുന്നുള്ളൂ. യഥാർഥ നടത്തിപ്പുകാരൻ അന്ന് മംഗളോദയം പ്രസ്സിൽ പ്രൂഫ് റീഡറായിരുന്ന വി. ടി. ഭട്ടതിരിപ്പാട് ആയി



രുന്നു.

അതിനു മുമ്പ് "ഉണ്ണി നമ്പൂതിരിയിൽ" ഇ. എം. എസ്. ഇടയ്ക്കിടെ എഴുതുമായിരുന്നു. അതിലൂടെ എഴുത്തുകാരനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ കഴിവിനെ വി. ടി. നേരത്തെ കണ്ടെത്തി. അതിനാൽ ഇ. എം. എസ്. തൃശൂരിലെത്തിയപ്പോൾ അദ്ദേഹത്തെ വി. ടി. തന്റെ സഹായിയായി എടുത്തു. ഒരു വർഷത്തിനു ശേഷം വി. ടി. തൃശൂർ വിട്ടപ്പോൾ അദ്ദേഹം അതുവരെ നടത്തിയ ചുമതലകൾ ഇ. എം. എസിനെ ഏൽപ്പിച്ചു. എല്ലാ ആഴ്ചയും ഒരു പേജിലേക്കുള്ള മാറ്റർ സ്വയം തയ്യാറാക്കണം. ചിലപ്പോൾ ലേഖനം, അല്ലെങ്കിൽ നിരൂപണം. ദേശീയവും സാർവ്വദേശീയവുമായ വാർത്തകളും തയ്യാറാക്കണം. ഉണ്ണി നമ്പൂതിരിക്ക് പല സംഭവങ്ങളും റിപ്പോർട്ടു ചെയ്യുകയെന്ന ജോലി പോലും ഇ. എം. എസ്. നിർവ്വഹിച്ചു. യോഗക്ഷേമസഭയുടെ ഇടക്കുന്നി സമ്മേളനം റിപ്പോർട്ട് ചെയ്തത് അദ്ദേഹമാണ്. പെരുമ്പിലാവിൽ നടന്ന വൃദ്ധവിവാഹവും ഗുരുവായൂർ സത്യഗ്രഹവും റിപ്പോർട്ടുചെയ്തതും അദ്ദേഹം തന്നെ.

വി. ടി. തൃശൂർ വിട്ടതോടെയാണ് ഇ. എം. എസ്. യഥാർത്ഥത്തിൽ പത്രപ്രവർത്തനം തുടങ്ങിയത്. രണ്ടു വർഷത്തോളം അത് തുടർന്നു. നമ്പൂതിരി യോഗക്ഷേമസഭയുടെ ഇടതുപക്ഷവിഭാഗമായ യുവജന സംഘത്തിന്റെ മുഖപത്രമെന്ന നിലയ്ക്ക് നമ്പൂതിരിമാരുടെയും മറ്റെല്ലാ ജാതിക്കാരുടെയും സാമൂഹ്യപരിഷ്കാര പ്രവർത്തനങ്ങൾക്ക് "ഉണ്ണി നമ്പൂതിരി " മുൻതൂക്കം നൽകി എന്ന് എടുത്തു പറയേണ്ടതുണ്ട്. ഈ പത്രത്തിലെ പ്രവർത്തനം നമ്പൂതിരി സമുദായത്തിലെ ഇടതുപക്ഷ സാമൂഹ്യപ്രസ്ഥാനത്തെ അഖിലേന്ത്യാ തലത്തിലുള്ള ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനവുമായി കൂട്ടിയിണക്കാൻ തന്നെ സഹായിച്ചുവെന്ന് ഇ. എം. എസ്. പിൽക്കാലത്തെഴുതി.

1932ൽ വിദ്യാഭ്യാസമുപേക്ഷിച്ച് നിയമലംഘനപ്രസ്ഥാനത്തിൽ പങ്കെടുക്കാൻ കോഴിക്കോട്ടേക്ക് തിരിച്ചു. അറസ്റ്റും ജയിൽവാസവും കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണവും കഴിയുമ്പോൾ 1935 ജനുവരി ആദ്യം "പ്രാഭാതം" വാരികയുടെ പത്രാധിപരായി. ആദ്യത്തെ പത്രാധിപത്യം. പി. കൃഷ്ണപ്പിള്ള, കെ. ദാമോദരൻ, മൊയ്യാരത്തു ശങ്കരൻ, രാമചന്ദ്രൻ നെടുങ്ങാടി, തുടങ്ങിയവരായിരുന്നു അതിലെ എഴുത്തുകാർ. മുഖക്കുറിപ്പ് തയ്യാറാക്കിയത് ഇ. എം. എസ്. "ഞാൻ പറയാം" എന്ന ഒരു പംക്തി അതിൽ പത്രാധിപർ തുടങ്ങി. വായനക്കാരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി പറയുന്ന ആ പംക്തി അന്നൊരു പുതുമയായിരുന്നു. പത്രത്തിന്റെ പ്രസിദ്ധീകരണം എങ്ങനെയും തടയാൻ ഗവൺമെന്റ് തീരുമാനിച്ചു. ചൊവ്വര പരമേശ്വരൻ എഴുതിയ ഒരു കവിതയുടെ പേരിൽ രണ്ടായിരം രൂപ സെക്യൂരിറ്റി കെട്ടാൻ ആവശ്യപ്പെട്ടു. അത്രയും തുക കെട്ടിവെക്കാൻ ധനസ്ഥിതി അനുവദിക്കാത്തതിനാൽ പത്രം നിർത്തി 1937ൽ മദിരാശിയിൽ കോൺഗ്രസ് മന്ത്രിസഭ അധികാരത്തിൽ വന്നതിനെത്തുടർന്ന് "പ്രഭാത"ത്തിന്റെ പേരിൽ ഉണ്ടായിരുന്ന ജാമ്യക്കൽപന റദ്ദുചെയ്തു. ഇ. എം. എസിന്റെ പത്രാധിപത്യത്തിൽ തന്നെ കോഴിക്കോട്ടു നിന്ന് അത് പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി.

1939ൽ രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. താമസിയാതെ കേരളത്തിലെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി ഘടകം ഒന്നടങ്കം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ലയിച്ചു. മറ്റു സഖാക്കളോടൊപ്പം ഇ. എം. എസും. ഒളിവിൽപോയി. ആ സമയത്ത് പുതിയതരം പത്രപ്രവർത്തനത്തിൽ ഏർപ്പെടേണ്ടിവന്നു. 1940 ഡിസംബർ മുതലാരംഭിച്ച പാർട്ടി കത്തിന്റെ കാര്യമാണ് ഇവിടെ പരാമർശിക്കുന്നത്. ആഴ്ചതോറും ഇറക്കിയ പാർട്ടി കത്ത് അരപ്പായ കടലാസിൽ ആറുപേജ് വരുന്നതായിരുന്നു. ഒന്നരവർഷത്തോളം മുടങ്ങാതെ നടന്നു ആ രഹസ്യ പ്രസിദ്ധീകരണം. ആഴ്ചതോറും സമകാലീന സംഭവങ്ങളെ വിലയിരുത്തിക്കൊണ്ടും ഒളിവിൽകഴിയുന്ന സഖാക്കൾക്ക് മാർഗദർശനം നൽകിക്കൊണ്ടും സൈക്ലോസ്റ്റൈൽ ചെയ്ത ആ കത്ത് മംഗലാപുരം തൊട്ട് ആലപ്പുഴ വരെ വിതരണം ചെയ്യപ്പെട്ടു. തന്റെ ശ്രദ്ധേയമായ പത്രപ്രവർത്തനാനുഭവമാണ് ഇതെന്ന് പിൽക്കാലത്ത് ഇ. എം. എസ്. രേഖപ്പെടുത്തി.

ഇ. എം. എസിന്റെ അച്ചടിച്ചു വന്ന ആദ്യലേഖനം "ഫ്രഞ്ചുവിപ്ലവവും നമ്പൂതിരിസമുദായവും" ആണ്. 1927ൽ ആ ലേഖനമെഴുതിയപ്പോൾ അദ്ദേഹം സ്കൂൾ വിദ്യാർത്ഥിയായിരുന്നു. ഒരു മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനെന്ന നിലക്ക് പത്രപ്രവർത്തനരംഗത്തേക്ക് കാലെടുത്തു വെക്കുന്നതിന്റെ തുടക്കമായിരുന്നു ആ ലേഖനം.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മേൽ ഏർപ്പെടുത്തിയ നിരോധനം 1942ൽ ഗവൺമെന്റ് പിൻവലിച്ചു. ഇതോടെ നിയമവിധേയമായി പത്രങ്ങൾ പുറത്തിറക്കാമെന്നുവന്നു. ഈ സാഹചര്യത്തിലാണ് "ദേശാഭിമാനി" എന്ന പുതിയ രാഷ്ട്രീയ വാരിക ആരംഭിച്ചത്. പലതരത്തിലുള്ള പ്രതിബന്ധങ്ങളും നേരിട്ടുകൊണ്ടുതന്നെ നാലുവർഷത്തിനു ശേഷം അതൊരു ദിനപത്രമായി. എങ്കിലും 1948 മുതൽ 1951വരെ അത് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. അത് പുനരാരംഭിച്ചതിനുശേഷം വളരാൻ തുടങ്ങി. അങ്ങനെ ഇന്ന് അഞ്ചു സ്ഥലത്തുനിന്ന് പുറത്തിറങ്ങുന്ന ഒരു പത്രമായി "ദേശാഭിമാനി" മാറി. അതിന്റെ പത്രാധിപരായി ഇ. എം. എസ്. പ്രവർത്തിച്ചത് കഷ്ടിച്ച് 20 മാസം. എങ്കിലും പത്രത്തിന്റെ എല്ലാമെല്ലാമായിരുന്നത് ഇ. എം. എസ്. പ്രൂഫ് നോക്കുന്നതു മുതൽ മുഖപ്രസംഗമെഴുതുന്നതുവരെയുള്ള ജോലികൾ അദ്ദേഹം ചെയ്തു. "ദേശാഭിമാനി"യിൽ ഇ. എം. എസ്. എഴുതിയ ലേഖനങ്ങൾക്കുണ്ടോ കണക്ക്! ഇ. എം. എസിലെ പത്രപ്രവർത്തകന്റെ കഴിവുകൾ മുഴുവൻ വിരിഞ്ഞത് "ദേശാഭിമാനി" യിൽ.

"ദേശാഭിമാനി"ക്കു പുറമെ അരഡസൻ പാർട്ടി പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായി ഇ. എം. എസ്. പ്രവർത്തിച്ചു. അവ ഏതൊക്കെയെന്ന് നോക്കുക: (1) അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രമുഖപത്രമായ "ന്യൂ ഏജ്" (2) സി. പി. ഐ. (എം) കേന്ദ്രമുഖപത്രമായ "പീപ്പിൾസ് ഡമോക്രസി" (3) സി. പി. ഐ. (എം)ന്റെ സൈദ്ധാന്തിക ത്രൈമാസികയായ "മാർക്സിസ്റ്റ്" (4) 1960കളിൽ തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരിച്ച "കമ്മ്യൂണിസ്റ്റ്" (5) ചിന്തവാരിക (6) മാർക്സിസ്റ്റ് സംവാദം സ്വന്തം പത്രാധിപത്യത്തിലുള്ള ഈ പ്രസിദ്ധീകരണങ്ങൾക്ക് പുറമെ മറ്റു പല പ്രസിദ്ധീകരണങ്ങളിലും ഇ. എം. എസ്. ധാരാളമെഴുതി.

തുടക്കത്തിൽ എഴുതിയതു പോലെ ഇ. എം. എസ്. ഒരു പ്രൊഫഷനൽ പത്രപ്രവർത്തകനായിരുന്നില്ല. പൊതു രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി പത്രപ്രവർത്തനത്തിൽ ഏർപ്പെടുകയായിരുന്നു. എന്നിട്ടും പ്രൊഫഷനൽ പത്രപ്രവർത്തകരെപ്പോലും അസൂയപ്പെടുത്തും വിധം ഒരു മികച്ച പത്രപ്രവർത്തകന്റെ ജോലി അദ്ദേഹം നിറവേറ്റി. ഒളിവിലും തെളിവിലും അടിയന്തരാവസ്ഥക്കാലത്തും അദ്ദേഹം പത്രപ്രവർത്തനം നടത്തി. പത്രപ്രവർത്തനത്തിൽ പത്രപ്രവർത്തകർക്ക് പൊതുവെയും കമ്മ്യൂണിസ്റ്റ് പത്രപ്രവർത്തകർക്ക് വിശേഷിച്ചും മാതൃകയാണ് ഇ. എ. എസ്. ■

തൃശൂർ സമ്മേളനം ഒരു നാഴികക്കല്ല്

1998 ഏപ്രിൽ അഞ്ച് കെ. യു. ഡബ്ല്യു. ജെ.യുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി എക്കാലവും ഓർമ്മിക്കപ്പെടും. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമെത്തിയ യൂണിയൻ അംഗങ്ങൾ അന്നാണ് സാഹിത്യ അക്കാദമി ഹാളിൽ സമ്മേളിച്ച് യൂണിയൻ ഭരണഘടനയിൽ സമഗ്രമായ പരിഷ്കാരങ്ങൾ വരുത്തിയത്.

പതിനൊന്നു വർഷത്തിനു ശേഷമാണ് യൂണിയൻ ഭരണഘടനയിൽ ഭേദഗതി വരുത്തുന്നത്. ഇത്രയും ഏറെ വകുപ്പുകളിൽ കാര്യമായ ഭേദഗതികൾ വരുത്തുന്നത് യൂണിയന്റെ ചരിത്രത്തിൽ ആദ്യമാണ്. ജില്ലാതലങ്ങളിൽ സംസ്ഥാന എക്സിക്യൂട്ടീവിലും ഇത്രയും വിശദമായ ചർച്ച നടക്കുന്നതും കാതലായ മാറ്റങ്ങൾ പോലും ഏകകണ്ഠമായി അംഗീകരിക്കുന്നതും ആദ്യമായാണ്.

1987ന് ശേഷം രണ്ടുതവണ സമഗ്ര ഭരണഘടനാഭേദഗതി നിർദ്ദേശങ്ങൾ തയ്യാറാക്കിയിരുന്നുവെങ്കിലും രണ്ടു തവണയും അവ പ്രാവർത്തികമാക്കാനായില്ല. ശ്രീ. സി. ബി. മേനോൻ, ശ്രീ. ജോർജ് ജോസഫ് എന്നിവർ തയ്യാറാക്കിയ ഈ ഭേദഗതി നിർദ്ദേശങ്ങൾ കൂടി പഠിച്ച ശേഷമാണ് പുതിയ കരടിന് രൂപം നൽകിയത്.

മാധ്യമരംഗത്ത് അതിവേഗം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ സംഘടന ഉൾക്കൊള്ളുക എന്നതായിരുന്നു ഭേദഗതിയുടെ മുഖ്യലക്ഷ്യം. ട്രേഡ് യൂണിയൻ എന്ന നിലയിലുള്ള സംഘടനയുടെ ഘടനയിലും സമീപനത്തിലും മാറ്റം വരുത്താതെ തന്നെ ഇത് നടപ്പാക്കുക എന്നതായിരുന്നു ഉദ്ദേശ്യം. സംഘടനാ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉണ്ടാക്കുക, കമ്മിറ്റികളുടെ പ്രവർത്തനം പരമാവധി ജനാധിപത്യവൽക്കരിക്കുക, അംഗങ്ങളുടെ അവകാശാധികാരങ്ങൾ ഉയർത്തിപ്പിടിക്കുക, പത്രപ്രവർത്തനത്തിന്റെയും ട്രേഡ്യൂണിയൻ പ്രവർത്തനത്തിന്റെയും ഉന്നതമൂല്യങ്ങൾ നിലനിർത്തുക എന്നിവയാണ് ഈ ഭേദഗതിയുടെ കാതൽ. ഈ ലക്ഷ്യങ്ങൾക്ക് അനുസൃതമായുള്ള മാറ്റങ്ങൾ മാത്രമാണ് നിർദ്ദേശിക്കപ്പെട്ടിരുന്നത്. അത് കൊണ്ട് തന്നെ എല്ലാ തലങ്ങളിലും ഗൗരവപൂർണ്ണമായ ചർച്ചകളും ആശയവിനിമയവും നടന്നു.

യൂണിയൻ അംഗത്വം ഇലക്ട്രോണിക് മാധ്യമരംഗത്തുള്ള ജർണലിസ്റ്റുകൾക്കും നൽകുക, അംഗത്വത്തിന് പ്രായപരിധി നിശ്ചയിക്കുക, അയോഗ്യരെ അംഗത്വത്തിൽ നിന്നൊഴിവാക്കാൻ സ്ഥിരം സംവിധാനമേർപ്പെടുത്തുക, യൂണിയൻ കണക്കുകൾ പരിശോധിക്കുക എന്നത് ഭരണഘടനപരമായ ബാധ്യതയാക്കുക, യൂണിയന്റെ സ്വത്തുക്കൾ അന്യാധീനപ്പെടാതെ സംരക്ഷിക്കുക, കമ്മിറ്റി പ്രവർത്തനം ഫലപ്രദമാക്കാൻ കാലാവധി ദീർഘിപ്പിക്കുക തുടങ്ങിയവയാണ് സമ്മേളനത്തിലംഗീകരിച്ച ഭേദഗതികളിൽ ചിലത്. (വിശദമായ റിപ്പോർട്ട് അന്യത്ര).

യൂണിയൻ തിരുവനന്തപുരം ജില്ലാകമ്മിറ്റി സെക്രട്ടറിയും 'ഹിന്ദു' പ്രത്യേക ലേഖകനുമായ ശ്രീ. സി. ഗൗരീദാസൻനായരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് ഭരണഘടനാഭേദഗതിയുടെ കരട് രൂപം തയ്യാറാക്കിയത്. 97 ആഗസ്റ്റ് പതിനൊന്നിന് തിരുവനന്തപുരം കേസരി മെമ്മോറിയൽ ജർണലിസ്റ്റ്സ് ട്രസ്റ്റ് ഹാളിൽ നടന്ന സംസ്ഥാന എക്സിക്യൂട്ടീവ് യോഗം എത്രയും നേരത്തെ കരട് ഭേദഗതി തയ്യാറാക്കാൻ സബ്കമ്മിറ്റിക്ക് നൽകിയിരുന്നു.

കെ. പി. രാജശേഖരൻപിള്ള (ഇന്ത്യൻ എക്സ്പ്രസ്) സണ്ണിക്കുട്ടി എബ്രഹാം (മാതൃഭൂമി) എൻ. മുരളീധരൻ (പി. ടി. ഐ.) എസ്. സുരേഷ് (യു. എൻ. ഐ.) ആർ. അജിത്കുമാർ (മംഗളം) എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റി അനേക ദിവസങ്ങൾ യോഗം ചേർന്നാണ് ഭേദഗതികൾക്ക് രൂപം നൽകിയത്. കോട്ടയത്ത് നടന്ന രണ്ടാമത്തെ എക്സിക്യൂട്ടീവിൽ തന്നെ കരട് നിർദ്ദേശങ്ങൾ അവതരിപ്പിക്കാനും കഴിഞ്ഞു. സംസ്ഥാന സ്പെഷൽ സമ്മേളനത്തിന് ആതിഥ്യം വഹിക്കാൻ തൃശൂർ ജില്ലാകമ്മിറ്റി സന്നദ്ധത പ്രകടിപ്പിച്ചു. ഡിസംബറിൽതന്നെ ഭേദഗതി സമ്മേളനം വിളിച്ചു ചേർക്കാനാണ് തീരുമാനിച്ചിരുന്ന



തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ ഏപ്രിൽ 5ന് നടന്ന കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സ്പെഷൽ സമ്മേളനത്തിൽ പ്രസിഡണ്ട് എൻ. പി. രാജേന്ദ്രൻ പ്രസംഗിക്കുന്നു. വേദിയിൽ പി. പി. അബൂബക്കർ, സി. ആർ. രാമചന്ദ്രൻ (മുൻ ജന. സെക്രട്ടറി) മലപ്പുറം പി. മൂസ (മുൻ പ്രസിഡണ്ട്) എന്നിവരെ കാണാം.

തെങ്കിലും വേജ് ബോർഡ് സിറ്റിങ്ങ്, പൊതുതിരഞ്ഞെടുപ്പ് എന്നിവ കാരണം ഏപ്രിലിലേക്ക് മാറ്റേണ്ടി വന്നു.

തൃശൂരിൽ നടന്ന സംസ്ഥാന സ്പെഷൽ കൺവെൻഷനിൽ ഒട്ടനവധി അംഗങ്ങൾ ക്രിയാത്മകമായ നിരവധി നിർദ്ദേശങ്ങൾ ഉന്നയിക്കുകയുണ്ടായി. ചെറിയ വിശദാംശങ്ങൾ കൂടി ശ്രദ്ധിച്ച് ഒട്ടനവധി കാര്യങ്ങൾ ചൂണ്ടിക്കാണിച്ച അഹമ്മദ്കുട്ടി ഉണ്ണികുള (ചന്ദ്രിക, കോഴിക്കോട്) ത്തിന്റെ സംഭാവന എടുത്തുപറയേണ്ടതുണ്ട്. എസ്. എസ്. ഹമീദ്, എൻ. ശ്രീകുമാർ, എസ്. സുധീശൻ, സണ്ണിക്കുട്ടി അബ്രഹാം, പി. വി. ഹരികൃഷ്ണൻ, സി. അബ്ദുറഹിമാൻ, കെ. തങ്കപ്പൻ തുടങ്ങി ഒട്ടേറെ അംഗങ്ങൾ ചർച്ചകളിൽ സജീവമായി പങ്കുകൊണ്ടു.

ഭേഗതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതിലും സ്പെഷൽ കോൺഫറൻസിൽ അവ ഏകകണ്ഠമായി അംഗീകരിക്കുന്നതിലും സീനിയർ നേതാക്കളായ കെ. എം. റോയി, മലപ്പുറം പി. മൂസ, സി. ആർ. രാമചന്ദ്രൻ എന്നിവർ നിർണായകമായ പങ്കാണ് വഹിച്ചത്. ജനറൽ സെക്രട്ടറി എസ്. ജയശങ്കർ ഭേദഗതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമ്മേളനത്തിൽ വിശദീകരിച്ചു. അംഗങ്ങളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും സബ് കമ്മിറ്റി കൺവീനർ സി. ഗൗരീദാസൻനായർ വിശദീകരണം നൽകി.

തൃശൂർ സ്പെഷൽ സമ്മേളനം വൻ വിജയമാക്കാൻ പ്രയത്നിച്ച ജില്ലാഭാരവാഹികളേയും അംഗങ്ങളെയും സംസ്ഥാന കമ്മിറ്റിക്ക് വേണ്ടി അഭിവാദ്യം ചെയ്യുന്നു.

എൻ. പി. രാജേന്ദ്രൻ
പ്രസിഡണ്ട്, കെ. യു. ഡബ്ല്യു. ജെ.

കണ്ണൂർ പ്രസ് ക്ലബ്ബ് കുടുംബമേള

കണ്ണൂർ പ്രസ് ക്ലബ്ബിന്റെ കുടുംബമേള 98 മെയ് 1ന് സംഘടിപ്പിച്ചു. കണ്ണൂർ പാംഗ്രോവ് ഹോട്ടലിൽ നടന്ന മേളയിൽ കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ട് ഷേവ് ദർവേഷ് സാഹിബ് മുഖ്യാതിഥിയായിരുന്നു. പത്രപ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കുമായി നടത്തിയ വിവിധ മത്സരിങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ മുഖ്യാതിഥി വിതരണം ചെയ്തു. പത്രപ്രവർത്തകരും കുടുംബാംഗങ്ങളും അവതരിപ്പിച്ച വിവിധ കലാപരിപാടികളുമുണ്ടായി. സമാപന ചടങ്ങിൽ മലയാള മനോരമ കോ- ഓർഡിനെറ്റിംഗ് എഡിറ്റർ കെ. എ. ഫ്രാൻസിസ് മുഖ്യപ്രഭാഷണം നടത്തി. മികച്ച മാതൃകാ ദമ്പതികൾക്കുള്ള ഉപഹാരം അദ്ദേഹം സമ്മാനിച്ചു. പ്രസ് ക്ലബ്ബ് പ്രസിഡണ്ട് മനോഹരൻ മോറായി സ്വാഗതവും യു. ബാബു ഗോപിനാഥ് നന്ദിയും പറഞ്ഞു.

പാമ്പൻ മാധവൻ സ്മാരക അവാർഡ്

കണ്ണൂർ പ്രസ് ക്ലബ്ബിന്റെ ആറാമത് പാമ്പൻ മാധവൻ സ്മാരക പത്രപ്രവർത്തക അവാർഡ് "മാധ്യമം' കാസർകോട് ജില്ലാ ലേഖകൻ സി. കെ. എ. ജബ്ബാറിന് ഡോ. പുനത്തിൽ കുഞ്ഞബ്ദുള്ള സമ്മാനിച്ചു. പ്രസ് ക്ലബ്ബ് ഹാളിൽ നടന്ന ചടങ്ങിൽ പ്രസ് ക്ലബ്ബ് പ്രസിഡണ്ട് മനോഹരൻ മോറായി അദ്ധ്യക്ഷനായി. പത്രപ്രവർത്തക യൂനിയൻ സംസ്ഥാന പ്രസിഡണ്ട് എൻ. പി. രാജേന്ദ്രൻ ആശംസകളർപ്പിച്ചു. സംസ്ഥാന വനിതാ കമ്മീഷൻ ഡയറക്ടർ ഡോ. അലക്സാണ്ടർ ജേക്കബ്ബ് മുഖ്യപ്രഭാഷണം നടത്തി. പ്രസ് ക്ലബ്ബ് സെക്രട്ടറി പി. എൻ. വേണുഗോപാൽ സ്വാഗതം പറഞ്ഞു.

കണ്ണൂർ പ്രസ് ക്ലബ്ബിന്റെ സ്ഥാപക പ്രസിഡണ്ടായിരുന്ന പാമ്പൻ മാധവന്റെ സ്മരണയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള അവാർഡ് 3001 രൂപയും ശില്പവും അടങ്ങുന്നതാണ്.

"മാധ്യമം' ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച സി. കെ. എ. ജബ്ബാറിന്റെ "ഭ്രൂണഹത്യ ലൈംഗിക വ്യാപാരത്തിന്റെ കാണാപ്പുറം' എന്ന ലേഖന പരമ്പരയാണ് അവാർഡിന് അർഹമായത്. മാതൃഭൂമി മുൻ ഡപ്യൂട്ടി എഡിറ്റർ ടി. വേണുഗോപാലൻ, ഇന്ത്യൻ എക്സ്പ്രസ് ഡപ്യൂട്ടി റസിഡന്റ് എഡിറ്റർ എൻ. മാധവൻ കുട്ടി, സംസ്ഥാന വനിതാ കമ്മീഷൻ ഡയറക്ടർ ഡോ. അലക്സാണ്ടർ ജേക്കബ്ബ് എന്നിവരടങ്ങിയ ജഡ്ജിംഗ് കമ്മിറ്റിയാണ് 27 എൻട്രികളിൽ നിന്ന് അവാർഡ് നിർണ്ണയിച്ചത്. 1997ൽ മലയാള പത്രങ്ങളിൽ പ്രസിദ്ധീകരിച്ച മികച്ച അന്വേഷണാത്മക റിപ്പോർട്ടുകളാണ് അവാർഡിന് ക്ഷണിച്ചിരുന്നത്.

പി. എൻ. വേണുഗോപാൽ,
സെക്രട്ടറി



എൻ. എം. എബ്രഹാം പുരസ്കാരം നേടിയ കേരള കൗമുദി ചീഫ് റിപ്പോർട്ടർ ഇ. എം. അഷറഫിനും തോപ്പിൽ രവി സ്മാരക പുരസ്കാരം നേടിയ മാതൃഭൂമി ചീഫ് റിപ്പോർട്ടർ പി. പി. ശശീന്ദ്രനും കണ്ണൂർ പ്രസ് ക്ലബ്ബിൽ നൽകിയ സ്വീകരണത്തിൽ പ്രസ് ക്ലബ്ബിന്റെ ഉപഹാരം കേരള സംഗീത നാടക അക്കാദമി സെക്രട്ടറി പി. അപ്പുക്കുട്ടൻ സമ്മാനിക്കുന്നു.

കോട്ടയം പ്രസ്ക്ലബ്ബ്

അരവിന്ദൻ സ്മരണ


പ്രശസ്ത ചലചിത്രസംവിധായകനായ അരവിന്ദന്റെ ആത്മസുഹൃത്തുക്കൾ ഒത്തുചേർന്നപ്പോൾ അനുസ്മരണം അരവിന്ദന്റെ ഓർമ്മ പുതുക്കലായി. അരവിന്ദന്റെ ഏഴാം ചരമ വാർഷികത്തോടനുബന്ധിച്ച് പ്രസ് ക്ലബ്ബ് കലാസാംസ്കാരിക വേദിയായ ""തൂലിക" നടത്തിയ അനുസ്മരണ സമ്മേളനത്തിൽ അരവിന്ദനൊപ്പം പഠിച്ച കെ. ആർ. രാമകൃഷ്ണൻ, ശിഷ്യനായ ഡോ. എം. ജെ. ഫിലിപ്പ്, റബ്ബർ ബോർഡിൽ സഹപ്രവർത്തകരായിരുന്ന മുരളി മോഹൻ, കെ. അരവിന്ദൻ എന്നിവരായിരുന്നു അരവിന്ദൻ സ്മരണ പങ്കിടാൻ എത്തിയത്. കോട്ടയം കാരനായിട്ടും ജനിച്ചു വളർന്ന നാട്ടിൽ അരവിന്ദനെ ആദരിക്കാനും അംഗീകരിക്കാനും ആരും തയ്യാറാകാത്തത് ചൂണ്ടിക്കാട്ടിയ മുരളീമോഹൻ റബ്ബർ ബോർഡ ഇൻസ്ട്രക്ടറായിരുന്ന അരവിന്ദനൊപ്പം ജോലി നോക്കിയ കാലം അനുസ്മരിച്ചു. ഇന്ത്യയിലെ മികച്ച സംവിധായകനായി ഉയർന്നിട്ടും പഴയ സൗഹൃദം മറക്കാതിരുന്ന അരവിന്ദൻ ആരാധകർക്ക് നടുവിലും എത്ര വലിയ സദസ്സിലും ഇറങ്ങിവന്നു പരിചയം പുതുക്കുമായിരുന്നു. കെ. ബാലകൃഷ്ണനെ കാണാൻ അരവിന്ദനൊപ്പം തിരുവനന്തപുരത്ത് പോയ കഥയും മുരളിമോഹൻ അനുസ്മരിച്ചു. ഇത് അരവിന്ദൻ എന്ന് പരിചയപ്പെടുത്തിയപ്പോൾ കെ. ബാലകൃഷ്ണൻ കസേരയിൽ നിന്ന് എഴുന്നേറ്റു കെട്ടിപ്പിടിച്ചു.

അരവിന്ദൻ ഫീസു വാങ്ങാതെ തന്നെ പഠിപ്പിച്ച കഥ ശിഷ്യനായ ഡോ. എൻ. ജെ. ഫിലിപ്പ് അനുസ്മരിച്ചു. സൗമ്യം, ഹൃദ്യം എന്ന രണ്ടുവാക്കിൽ അരവിന്ദന്റെ സൗഹൃദമൊതുക്കാമെന്ന് സഹപാഠിയായ കെ. ആർ. രാമകൃഷ്ണൻ പറഞ്ഞു. കൂടുതൽ സംസാരിക്കില്ല. എന്നാൽ നമ്മൾ പറയുന്നതെന്തും കേൾക്കാൻ താല്പര്യം കാട്ടും. സി. എൻ. ശ്രീകണ്ഠൻ നായർ കോട്ടയത്ത് വന്നതോടെ അരവിന്ദനിലും പുതിയ വീക്ഷണം ഉണ്ടാകുകയായിരുന്നു. അരവിന്ദന്റെ സംഭാവന പുതുതലമുറയ്ക്കു മനസ്സിലാക്കാൻ കോട്ടയത്തു ഒരു പഠന കേന്ദ്രം ആരംഭിക്കണമെന്നും രാമകൃഷ്ണൻ നിർദ്ദേശിച്ചു. സത്യം മാത്രം പറയുമായിരുന്ന അരവിന്ദൻ നമ്മുടെ ദർശനത്തിനപ്പുറമുള്ള സൗന്ദര്യം കാണുകയായിരുന്നുവെന്ന് ഒപ്പം ജോലി നോക്കിയ കെ. അരവിന്ദൻ പറഞ്ഞു. സംവിധായകന്റെ കഴിവ് പണ്ടേ അരവിന്ദനിൽ ഉണ്ടായിരുന്നുവെന്ന് അനുഭവത്തിലൂടെ അരവിന്ദൻ വിവരിച്ചു. പ്രസ് ക്ലബ്ബ് പ്രസിഡണ്ട് വി. അജയകുമാർ, സെക്രട്ടറി ഷാജിജേക്കബ്ബ്, "തൂലിക"കൺവീനർ വി. ജയകുമാർ, ട്രഷറർ പി. പി. മുഹമ്മദ്കുട്ടി എന്നിവരും പ്രസംഗിച്ചു.

അരവിന്ദന്റെ സ്മരണ നിലനിർത്താൻ ഒരു പഠന കേന്ദ്രം ജന്മനാടായ കോട്ടയത്ത് ആരംഭിക്കുന്നതിനെക്കുറിച്ചാലോചിക്കാൻ ഈ മാസം തന്നെ പ്രസ് ക്ലബ്ബ് മുൻകൈ എടുത്ത് അരവിന്ദന്റെ സുഹൃത്തുക്കളെയും ബന്ധുക്കളേയും പങ്കെടുപ്പിച്ച് വിപുലമായ യോഗം നടത്താനും തീരുമാനിച്ചു.

തൂലിക കാർട്ടൂൺ കാരിക്കേച്ചർ മത്സരം ഷാജിയ്ക്കും അജേഷിനും സ്വർണ്ണമെഡൽ

പ്രസ് ക്ലബ്ബ് കലാസാംസ്കാരിക വേദിയായ "തൂലിക" സംസ്ഥാനതലത്തിൽ നടത്തിയ കാർട്ടൂൺ കാരക്കേച്ചർ മത്സരത്തിൽ കാർട്ടൂണിൽ ഷാജി പി. ഏബ്രഹാം രചന ആർട്സ് കോട്ടയം, കാരിക്കേച്ചറിൽ കെ. അജേഷ്, വിജയഭവൻ എഴുകുംവയൽ, ഇടുക്കി എന്നിവർ ഒന്നാം സ്ഥാനത്തിനുള്ള സ്വർണ്ണ മെഡലുകൾക്ക് അർഹരായി. കാർട്ടൂണിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ പ്രസന്നൻ ആനിക്കാട്, രാജേന്ദ്രൻ കുമ്മന എന്നിവർ നേടി. ഷാനവാസ് വെസ്റ്റ് ഗേറ്റ് ഓൾഡ് തിരുമല ആലപ്പുഴ, പ്രസന്നൻ ആനിക്കാട് കാരീക്കേച്ചറിലെ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കേന്ദ്രത്തിൽ ഒരു മന്ത്രീസഭക്കുള്ള ബദ്ധപ്പാട് എന്നതായിരുന്നു കാർട്ടൂൺ വിഷയം. സോണിയാഗാന്ധി, അച്ചുതാനന്ദൻ, കേസരി, വാജ്പേയ്, സുരേഷ്കുറുപ്പ് എന്നിവരിൽ ഒരാളെ വരയ്ക്കുക എന്നതായിരുന്നു കാരിക്കേച്ചർ വിഷയം. പ്രശസ്ത ആർട്ടിസ്റ്റുകളായ രാജുനായർ, ശത്രു, തോമസ് ആന്റണി എന്നിവരായിരുന്നു വിധികർത്താക്കൾ. ഇലക്ഷൻ 98 എന്ന വിഷയം നൽകിയുള്ള പ്രാഥമിക മത്സരത്തിൽ ഫൈനൽ റൗണ്ടിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 28 പേർ മത്സരിച്ചു. തെലുങ്കുദേശത്തിന്റെ പിന്തുണയ്ക്ക് ബി. ജെ.





കോട്ടയം പ്രസ് ക്ലബ്ബ് സാംസ്കാരിക വേദി നടത്തിയ കാർട്ടൂൺ കാരിക്കേച്ചർ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ (സ്വർണ്ണ മെഡൽ) കാർട്ടൂണും കാരിക്കേച്ചറും.


പി. ശ്രമിക്കുന്ന കാർട്ടൂണാണ് ഷാജി പി. എബ്രഹാമിന് ഒന്നാം സ്ഥാനം നേടിക്കൊടുത്തത്. പൂവൻ കോഴിയുടെ രൂപത്തിലുള്ള ചന്ദ്രബാബുനായിഡുവിന് ബി. ജെ. പി. നേതാക്കളായ വാജ്പേയിയും, അദ്വാനിയും ചേർന്നു വാഗ്ദാനങ്ങൾ ആകുന്ന തീറ്റ വിതറുന്നതുകണ്ട് മതിൽകെട്ടിനു പിറകിൽ വിഷണ്ണനായി നിൽക്കുന്ന കോൺഗ്രസ് (ഐ) ഐക്യമുന്നണി നേതാക്കളും ചേർന്ന ഈ കാർട്ടൂൺ സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തിന്റെ കണ്ണാടിയാകുകയാണ്. ത്രാസിന്റെ ഒരു തട്ടിൽ കൊരുത്ത പാർലിമെന്റിൽ തൂങ്ങുന്ന വാജ്പേയിയും, സഖ്യകക്ഷികളും മറുതട്ടിൽ വ്യവസ്ഥകളുമായി തൂങ്ങുന്ന ജയലളിതയും ചേർന്നു ജനാധിപത്യം സമം ജന ആധിക്യ പൈത്യം എന്ന കാർട്ടൂണിനാണ് രണ്ടാം സ്ഥാനം. ഒന്നരകാലുമായി നില്ക്കുന്ന വാജ്പേയിയ്ക്കു പിന്തുണ എന്നെഴുതിയ ക്രച്ചസ് എടുത്തുമാറ്റി മുഖ്യമന്ത്രി കരുണാനിധിയെ ചൂണ്ടി "ഹേ ഭാരതപുത്രാ ഈ അഭിനവ ദുര്യോധനന്റെ രക്തം കൊണ്ട് മുടി കഴുകാൻ പറ്റില്ലെങ്കിലും ആ കസേരയെങ്കിലും വാങ്ങിത്തരൂ" എന്നു പറയുന്ന ജയലളിതയെയും അങ്ങനൊന്നും കുലുങ്ങില്ലതായേ, ഇതു ഭാരത രക്തമാണ് എന്ന് കൈയ്യും കെട്ടി പറയുന്ന വാജ്പേയിയുമുള്ള കാർട്ടൂണിനാണ് മൂന്നാം സ്ഥാനം.

കാരിക്കേച്ചറിൽ പങ്കെടുത്ത 14 പേരിൽ ആറുപേരും കേസരിയെ വരച്ചപ്പോൾ



പത്മഭൂഷൻ ബഹുമതി ലഭിച്ച മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യുവിനെ കോട്ടയം പ്രസ് ക്ലബ്ബ് ഭാരവാഹികൾ അദ്ദേഹത്തിന്റെ ഓഫീസിലെത്തി അനുമോദനം അറിയിച്ചപ്പോൾ: പി. പി. മുഹമ്മദ്കുട്ടി, വി. ജയകുമാർ, ഷാജി ജേക്കബ്ബ്, ബി. അജയകുമാർ എന്നിവരെ കാണാം.

തൃശൂർ പ്രസ് ക്ലബ്ബ് നടത്തിയ ഇ. എം. എസ്. അനുസ്മരണ സമ്മേളനത്തിൽ ഫ്രണ്ട്‌ലൈൻ എഡിറ്റർ എൻ. റാം പ്രസംഗിക്കുന്നു. തൃശൂർ കലക്ടറായിരുന്ന ടിക്കാറാം മീണ വേദിയിൽ കാണാം.



നാലു പേർ വീതം സോണിയയേയും വാജ്‌പേയിയേയും വരച്ചു.

കേസരിയുടെ സൂക്ഷ്മാംശങ്ങൾ വരെ ഒപ്പിയെടുത്ത കാരിക്കേച്ചറിന് രാജേഷിന് ഒന്നാം സ്ഥാനം ലഭിച്ചപ്പോൾ കറുത്ത മുടിയുടെ ഒരു വശത്ത് വെള്ള പെയിന്റടിച്ച് ഇന്ദിരയാകാൻ മേക്കപ്പ് ചെയ്യുന്ന സോണിയാഗാന്ധി രണ്ടാം സ്ഥാനവും ഇന്ത്യയുടെ ഭൂപടം ഉയർത്തിപ്പിടിച്ചു നിൽക്കുന്ന വ്യത്യസ്ഥമായ സോണിയ മൂന്നാം സ്ഥാനവും നേടി.

വി. വിജയകുമാർ
കൺവീനർ

തൃശൂർ പ്രസ് ക്ലബ്ബ്
ഇ എം എസ് സ്മരണ

തൃശൂർ: അന്തരിച്ച ഇ എം എസ് നമ്പൂതിരിപ്പാട് അനുസ്മരണ സമ്മേളനം ഫ്രണ്ട്‌ലൈൻ എഡിറ്റർ എൻ. റാം ഉദ്ഘാടനം ചെയ്തു.

തൃശൂർ പ്രസ് ക്ലബ്ബ് ടൗൺഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ തൃശൂർ ജില്ലാ കലക്ടർ ടിക്കാറാം മീണ പ്രസംഗിച്ചു. പ്രസ് ക്ലബ്ബ് പ്രസിഡണ്ട് എം. പി. സുരേന്ദ്രൻ അധ്യക്ഷത വഹിച്ച അനുസ്മരണ സമ്മേളനത്തിൽ സെക്രട്ടറി ഫ്രാങ്കോ ലൂയിസ് സ്വാഗതവും വൈസ് പ്രസിഡണ്ട് കെ. കൃഷ്ണകുമാർ നന്ദിയും പറഞ്ഞു. യോഗത്തിൽ പങ്കെടുക്കാൻ എത്താതിരുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ സന്ദേശം ടി. രാമവർമൻ വായിച്ചു.



മലയാള പത്രപ്രവർത്തനത്തിന്റെ 150-ാം വാർഷികം പ്രമാണിച്ച് കാലിക്കറ്റ് പ്രസ് ക്ലബ്ബിന്റെ സ്മരണിക അഡ്വ. പി. ശങ്കരൻ എം. പി. പഴയ പത്രപ്രവർത്തകനായ കെ. എസ്. വാരിയർക്ക് നല്കിക്കൊണ്ട് പ്രകാശനം ചെയ്യുന്നു. കെ. യു. ഡബ്ല്യു. ജെ. പ്രസിഡണ്ട് എൻ. പി. രാജേന്ദ്രൻ, കാലിക്കറ്റ് പ്രസ് ക്ലബ്ബ് പ്രസിഡണ്ട് വി. എൻ. ജയഗോപാൽ, സ്മരണിക എഡിറ്റർ യു. കെ. കുമാരൻ എന്നിവർ സമീപം.

ഭരണഘടന ഭേദഗതികൾ എന്തെല്ലാം?

1998 ഏപ്രിൽ അഞ്ചിന് ഞായറാഴ്ച തൃശൂർ സാഹിത്യഅക്കാദമി ഹാളിൽ പ്രസിഡണ്ട് എൻ. പി. രാജേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കേരള പത്രപ്രവർത്തക യൂനിയൻ സംസ്ഥാന സ്പെഷൽ സമ്മേളനം ഏകകണ്ഠമായി അംഗീകരിച്ച ഭരണഘടന ഭേദഗതികളുടെ ചുരുക്കം ചുവടെ ചേർക്കുന്നു.

ഭരണഘടനയുടെ ആദ്യഭാഗത്ത് നിർവ്വചനങ്ങൾ എന്നൊരു വകുപ്പ് എഴുതിച്ചേർത്തു. Union, KUWJ, Union Executive, Regular Member, Honorary Member, General Body, Biennial Conference, Press Club, Working Journalist എന്നീ പ്രയോഗങ്ങളാണ് നിർവ്വചിച്ചിട്ടുള്ളത്.

Working Journalist വിഭാഗത്തിൽ, നിലവിലുള്ള വർക്കിങ്ങ് ജർണലിസ്റ്റ് ആക്റ്റിൽ നിർവ്വചിച്ചതിന് പുറമെ കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിയോഗിക്കുന്ന വേജ് ബോർഡുകൾ ഉൾപ്പെടുത്തുന്ന ജർണലിസ്റ്റ് തസ്തികകൾ കൂടി ഉൾപ്പെടുന്നതാണ്.

യൂനിയൻ അംഗത്വത്തിന്, സർക്കാറിതര മേഖലകളിൽ പ്രവർത്തിക്കുന്നതും ദൈനംദിന വാർത്തകൾ സംപ്രേഷണം ചെയ്യുന്നതുമായ ടെലിവിഷൻ/റേഡിയോ ചാനലുകളിലെ സ്ഥിരാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജർണലിസ്റ്റുകൾക്കും അർഹതയുണ്ടായിരിക്കും. അച്ചടി മാധ്യമങ്ങളിലുള്ളവർക്ക് ബാധകമായ എല്ലാ നിബന്ധനകളും ഇലക്ട്രോണിക് വിഭാഗത്തിൽപെട്ട ജർണലിസ്റ്റുകൾക്കും അംഗത്വകാര്യത്തിൽ ബാധകമായിരിക്കും.

യൂനിയന്റെ വിവിധ ഉദ്ദേശ്യലക്ഷ്യങ്ങളുടെ കൂട്ടത്തിൽ, താല്ക്കാലികമായോ സ്ഥിരമായോ, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമ പ്രവർത്തകർക്കും മറ്റും പരിശീലന കോഴ്സുകൾ നടത്തുകയും പ്രസിദ്ധീകരണങ്ങൾ ഇറക്കുകയും ചെയ്യുക എന്നത് കൂടി ചേർത്തു.

ഇപ്പോഴുള്ള ഓർഡിനറി മെമ്പർ എന്ന പ്രയോഗം റഗുലർ മെമ്പർ എന്നും ലൈഫ് മെമ്പർ എന്നത് ഹോണററി മെമ്പർ എന്നും മാറ്റി.

സംസ്ഥാനത്തിന് പുറത്തേക്ക് സ്ഥലം മാറിപ്പോകുന്ന അംഗങ്ങൾക്ക്, അംഗത്വം തുടരാവുന്നതാണ്. ഏത് ജില്ലയിൽ നിന്നാണോ മാറിയത്, ആ ജില്ലയിൽ മറ്റംഗങ്ങൾക്കുള്ള അവകാശാധികാരങ്ങൾ ഇവർക്ക് ഉണ്ടായിരിക്കും.

അറുപത് വയസ്സ് പൂർത്തിയാക്കുകയോ ജോലിയിൽ നിന്ന് വിരമിക്കുകയോ പെൻഷൻ കൈപ്പറ്റുകയോ ചെയ്യുന്നവർക്ക് അംഗത്വം തുടരാവുന്നതല്ല. പെൻഷൻ പ്രായം പിന്നിട്ട ശേഷം ജോലിയിൽ തുടരുന്നവർക്കും അംഗത്വം തുടരാവുന്നതല്ല. ഇങ്ങിനെ റഗുലർ അംഗങ്ങളായി തുടരാൻ കഴിയാത്തവർക്ക് ഹോണററി അംഗത്വം നൽകേണ്ടതാണ്.

യൂനിയനിൽ പുതുതായി അംഗത്വമെടുക്കുന്നവരിൽ നിന്ന് നൂറുരൂപ പ്രവേശനഫീ ഈടാക്കും. മാസ വരിസംഖ്യ പതിനഞ്ചു രൂപയാക്കി. മൂന്നു മാസത്തിലൊരിക്കൽ വരിസംഖ്യ അടക്കേണ്ടതാണ്. ഹോണററി അംഗങ്ങൾ വരിസംഖ്യ അടക്കേണ്ടതില്ല.

ജോലി ചെയ്യുന്ന പത്ര-ടെലിവിഷൻ-റേഡിയോ സ്ഥാപനങ്ങളിൽ ഉടമസ്ഥാവാകാശം ഉള്ളവർക്ക് യൂനിയൻ അംഗത്വത്തിന് അർഹതയുണ്ടാവില്ല. ഉടമസ്ഥാവകാശം ഭാര്യയുടെ/ഭർത്താവിന്റെ/മക്കളുടെ പേരിലായാലും ഇത് ബാധകമാണ്.

ജില്ലാ-സംസ്ഥാന കമ്മിറ്റികളുടെ കാലാവധി രണ്ടു വർഷമാക്കി. രണ്ടു വർഷത്തിലൊരിക്കൽ യൂനിയൻ അംഗത്വം റിവ്യൂ ചെയ്യും. ദൈവാർഷിക തിരഞ്ഞെടുപ്പിന് മുമ്പ് ക്രഡൻഷ്യൽ കമ്മിറ്റിയാണിത് നിർവ്വഹിക്കുക. അംഗത്വത്തിൽനിന്ന് ഒഴിവാക്കുന്നവർക്ക് വിശദീകരണം നൽകാൻ അവസരം നൽകും. അവസാന തീരുമാനമെടുക്കുക സംസ്ഥാന കമ്മിറ്റിയാണ്.

യൂനിയൻ പ്രസിഡണ്ടിനെ മാത്രമല്ല ജനറൽ സെക്രട്ടറിയേയും അംഗങ്ങൾ നേരിട്ടു തിരഞ്ഞെടുക്കും.

ജില്ലാ-സംസ്ഥാന കമ്മിറ്റികളിൽ തുടർച്ചയായി രണ്ടു തവണയിൽ കൂടുതൽ ആരും പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ സ്ഥാനങ്ങൾ വഹിക്കാവുന്നതല്ല.

തിരഞ്ഞെടുപ്പ് വർഷങ്ങളിൽ ഫിബ്രവരി ഒന്നിനു വോട്ടർപട്ടിക ജില്ലാ- സംസ്ഥാന ആസ്ഥാനങ്ങളിൽ പ്രസിദ്ധീകരിക്കും. ആക്ഷേപങ്ങൾ ബോധിപ്പിക്കാൻ ഏഴ് ദിവസത്തെ സമയമനുവദിക്കും. അന്തിമ പട്ടിക ഫിബ്രവരി 25ന് പ്രസിദ്ധീകരിക്കണം.

ദൈവാർഷിക തിരഞ്ഞെടുപ്പ് പ്രക്രിയ ഏപ്രിൽ ഒന്നിനാരംഭിക്കും. 40 ദിവസത്തിനകം പൂർത്തിയാക്കും. അംഗത്വമുള്ള ജില്ലക്ക് പുറത്തേക്ക് സ്ഥലം മാറ്റപ്പെട്ടവർക്ക് മാത്രമേ പോസ്റ്റൽ വോട്ട് അനുവദിക്കുകയുള്ളൂ. വോട്ടെടുപ്പ് തുടങ്ങുന്നതിന് 48 മണിക്കൂർ മുമ്പ് പോസ്റ്റൽ വോട്ട് ചെയ്തിരിക്കണം.

ദൈവാർഷിക സമ്മേളനങ്ങൾ മെയ് 15 ന് മുമ്പ് നടത്തണം. പുതിയ കമ്മിറ്റിക്ക് സ്ഥാനമൊഴിഞ്ഞ കമ്മിറ്റി 15 ദിവസത്തിനകം എല്ലാ രേഖകളും എൽപ്പിച്ചു കൊടുക്കണം.

സംസ്ഥാന എക്സിക്യൂട്ടീവിലേക്ക് നാലുപേരെ നോമിനേറ്റ് ചെയ്യാനുള്ള പ്രസിഡണ്ടിന്റെ അധികാരം എടുത്തു കളഞ്ഞു.

സംസ്ഥാന എക്സിക്യൂട്ടിവിന്റെ അംഗസംഖ്യ ഇരുപതിൽ നിന്ന് 25 ആക്കി. പ്രസ്ക്ലബ്ബ് കെട്ടിടമുറികൾ വാടകക്ക് കൊടുക്കുന്നത് സംസ്ഥാന എക്സിക്യൂട്ടീവിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെയേ പാടുള്ളൂ, സംസ്ഥാന എക്സിക്യൂട്ടീവിന്റെ അനുമതിയില്ലാതെ ഇങ്ങനെ ചെയ്യുന്നത് കമ്മിറ്റി പിരിച്ചുവിടാൻ മതിയായ അച്ചടക്ക ലംഘനമായി കണക്കാക്കും.

സംസ്ഥാന വോട്ടെടുപ്പ് പൂർത്തിയായി മൂന്നു ദിവസത്തിന് ശേഷമേ വോട്ടെണ്ണാവൂ. വോട്ടെണ്ണുന്ന സ്ഥലം ഇലക്ഷൻ നോട്ടിഫിക്കേഷനിൽതന്നെ കാണിച്ചിരിക്കണം. ബാലറ്റുകൾ വോട്ടെണ്ണൽ തുടങ്ങുന്നതിന് രണ്ടു മണിക്കൂർ മുമ്പ് റിട്ടേണിങ്ങ് ഓഫീസർക്ക് ലഭിച്ചിരിക്കണം. വോട്ടെടുപ്പ് കഴിഞ്ഞ് ബാലറ്റ് കവറുകൾ സീൽ ചെയ്യുമ്പോൾ ചുരുങ്ങിയത് അഞ്ചംഗങ്ങളെങ്കിലും ഒപ്പിട്ടിരിക്കണം.

രണ്ടു ലക്ഷം രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ള വികസന പ്രവർത്തനങ്ങൾക്കും ക്ഷേമപദ്ധതികൾക്കും ജില്ലാകമ്മിറ്റികൾ സംസ്ഥാന എക്സിക്യൂട്ടീവിന്റെ അനുമതി വാങ്ങണം.

സംസ്ഥാന ക്രഡൻഷ്യൽ കമ്മിറ്റി, അച്ചടക്ക കമ്മിറ്റി എന്നിവ വെവ്വേറെയായിരിക്കും. ഓരോന്നിലും അഞ്ചംഗങ്ങൾ വീതമുണ്ടാകണം. പുതിയ സംസ്ഥാന കമ്മിറ്റിയുടെ ആദ്യയോഗത്തിൽ ഈ കമ്മിറ്റികൾ തിരഞ്ഞെടുക്കണം. സംസ്ഥാന ഭാരവാഹികൾ ഈ കമ്മിറ്റിയിൽ അംഗങ്ങളാകാൻ പാടില്ല.

ആദ്യസംസ്ഥാന കമ്മിറ്റിയോഗം, ഒരു ഇന്റേണൽ ഓഡിറ്റ് കമ്മിറ്റിയെ തിരഞ്ഞെ

ജനറൽ സെക്രട്ടറിയുടെ കത്ത്

സുഹൃത്തെ,

പത്രപ്രവർത്തക പെൻഷൻ പദ്ധതി സംബന്ധിച്ച അനിശ്ചിതത്വങ്ങൾ അവസാനിക്കാൻ ഇനിയും കാലതാമസമുണ്ടാകില്ലെന്ന് തോന്നുന്നു. രണ്ടു വർഷത്തിലേറെയായി വിളിച്ചുകൂട്ടിയിട്ടില്ലാത്ത പദ്ധതി ഭരണസമിതി ഉടൻ വിളിക്കണമെന്ന് നാം ശക്തമായി ആവശ്യപ്പെട്ടുവരികയായിരുന്നു. നിരന്തരം ആവശ്യപ്പെട്ടിട്ടും പ്രയോജനമില്ലെന്ന് വന്നപ്പോഴാണ് പ്രത്യക്ഷസമരപരിപാടികൾ ആരംഭിക്കാൻ യൂനിയൻ സംസ്ഥാന നിർവ്വാഹക യോഗം തീരുമാനിച്ചത്. സെക്രട്ടറിയേറ്റ് പടിക്കൽ ധർണ നടത്താനും നിയമസഭ ചോദ്യോത്തരം ബഹിഷ്കരിക്കാനും തീരുമാനിച്ചപ്പോൾ സർക്കാർ ഉണർന്നു. ഇക്കഴിഞ്ഞ 11-ാം തിയ്യതി ഭരണസമിതി യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സമരം മാറ്റിവെക്കാൻ യൂനിയൻ നേതൃത്വം തീരുമാനമെടുത്തു.

നിർഭാഗ്യവശാൽ ആ വാഗ്ദാനവും പാലിക്കപ്പെട്ടില്ല. ചെന്നൈയിൽ നിന്ന് നേത്രശസ്ത്രക്രിയ കഴിഞ്ഞ് തിരിച്ചെത്തിയ മുഖ്യമന്ത്രി മെയ് 15 വരെയുള്ള ഔദ്യോഗിക പരിപാടികളെല്ലാം നിർത്തിവെക്കുകയാണുണ്ടായത്. വീണ്ടും സമ്മർദ്ദം ചെലുത്തേണ്ടി വന്നു. ഒടുവിലിപ്പോൾ ജൂൺ 8ന് ഭരണസമിതി യോഗം വിളിച്ചു ചേർക്കാൻ തീരുമാനമായിട്ടുണ്ട്. ആ ദിവസം യോഗം നടക്കുമെന്നും ഇപ്പോഴത്തെ അനിശ്ചിതത്വങ്ങൾ അവസാനിക്കുമെന്നും ഉറച്ചു വിശ്വസിക്കാം.

മുഖ്യമന്ത്രിക്ക് സമയവും സൗകര്യവുമുണ്ടെങ്കിലേ, വിരമിച്ച പത്രപ്രവർത്തകർക്ക് പെൻഷൻ കിട്ടൂ എന്നത് ഒരു ദുരന്തം തന്നെയാണ്. മാസംതോറും വരിസംഖ്യ നൽകിപോന്ന പത്രപ്രവർത്തകന് റിട്ടയർ ചെയ്താൽ പെൻഷൻ സ്വാഭാവികമായി കിട്ടേണ്ടതാണ്. അതിന് മുഖ്യമന്ത്രിയുടെയോ പി. ആർ. ഡി. ഡയറക്ടറുടെയോ കമ്മിറ്റിയുടെ പോലുമോ ഔദാര്യം ആവശ്യമില്ല. നിർഭാഗ്യവശാൽ പിന്തുടർന്നു വരുന്ന കീഴ്‌വഴക്കം മറിച്ചാണ്.

ചട്ടം അനുശാസിക്കുന്നത് പോലെ റിട്ടയർ ചെയ്ത് ഒരു മാസത്തിനകം പെൻഷൻ ലഭ്യമാക്കണമെന്ന് യൂനിയൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളിലും പെൻഷൻ കമ്മിറ്റി യോഗത്തോടെ തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

ഭരണഘടനാ ഭേദഗതികൾ അംഗീകരിച്ചതോടെ ഈ കമ്മിറ്റി ഏറ്റെടുത്ത ഒരു സുപ്രധാന ദൗത്യം കൂടി പൂർത്തിയാക്കിയിരിക്കുകയാണ്. പുതിയ ഭേദഗതിയനുസരിച്ച് സംസ്ഥാന ജില്ലാകമ്മിറ്റികൾക്ക് രണ്ടു വർഷം തുടരാമെങ്കിലും നിലവിലുള്ള കമ്മിറ്റികൾക്ക് അത് ബാധകമാകേണ്ടതില്ലെന്നാണ് നമ്മുടെ തീരുമാനം. അതുപ്രകാരം ഉടനെ സംഘടനാ തിരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്.

"97 ജൂലൈ 19ന് സ്ഥാനമേൽക്കുകയും ആഗസ്റ്റിൽ മാത്രം പ്രവർത്തനമാരംഭിക്കുകയും ചെയ്ത ഈ കമ്മിറ്റിക്ക് വളരെ കുറഞ്ഞ കാലം മാത്രമേ ലഭിച്ചിട്ടുള്ളൂ. എങ്കിലും ഭരണഘടനാ വ്യവസ്ഥകൾ ശരിക്കും പാലിച്ചുകൊണ്ട് കൃത്യസമയത്ത് തിരഞ്ഞെടുപ്പ് നടത്താനാണ് ഉദ്ദേശിക്കുന്നത്. ജൂൺ ഏഴിന് ചേരുന്ന സംസ്ഥാന എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പ് സമയക്രമം പ്രഖ്യാപിക്കും.

വിശ്വസ്തതയോടെ,

എസ്. ജയശങ്കർ
ജനറൽ സെക്രട്ടറി

ടുക്കണം. ആറുമാസത്തിലൊരിക്കൽ കണക്കുകൾ ഓഡിറ്റ് ചെയ്ത് സംസ്ഥാന കമ്മിറ്റിക്ക് റിപ്പോർട്ട് നൽകണം.

പ്രസിഡണ്ട് സ്ഥാനം ഒഴിവുവന്നാൽ രണ്ട് വൈസ് പ്രസിഡണ്ടുമാരിൽ നിന്ന് ഒരാളെ ആക്റ്റിങ്ങ് പ്രസിഡണ്ടായും ജനറൽ സെക്രട്ടറി സ്ഥാനം ഒഴിവുവന്നാൽ മൂന്നു സെക്രട്ടറിമാരിൽ നിന്ന് ഒരാളെ ആക്റ്റിങ്ങ് ജനറൽ സെക്രട്ടറിയായും സംസ്ഥാന എക്സിക്യൂട്ടീവ് തിരഞ്ഞെടുക്കേണ്ടതാണ്. ഒഴിവുണ്ടായി 15 ദിവസത്തിനകം ഈ തിരഞ്ഞെടുപ്പ് നടത്തണം. പൊതുതിരഞ്ഞെടുപ്പിന് ആറുമാസത്തിൽ കൂടുതൽ സമയം ബാക്കിയില്ലെങ്കിൽ അതുവരെ ആക്റ്റിങ്ങ് പ്രസിഡണ്ടിന്/ആക്റ്റിങ്ങ് ജനറൽ സെക്രട്ടറിക്ക് തുടരാം.

ജില്ലാ എക്സിക്യൂട്ടീവിന് ഏതെങ്കിലും യൂനിയൻ അംഗത്തെ ഗുരുതരമായ അച്ചടക്ക ലംഘനത്തിന് ആറുമാസത്തേക്ക് സസ്പെന്റ് ചെയ്യാവുന്നതാണ്. മൂന്നിൽ രണ്ട് ഭൂരിപക്ഷം ഇതിനാവിശ്യമാണ്. ഏഴ് ദിവസത്തിനകം ഈ നടപടി സംസ്ഥാന ക്രഡൻഷ്യൽ കമ്മിറ്റിക്ക് റഫർ ചെയ്യണം. ക്രഡൻഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം സംസ്ഥാന കമ്മിറ്റി സ്വീകരിക്കും. യൂനിയൻ അംഗത്വത്തിൽ നിന്ന് അംഗത്തെ പുറത്താക്കാൻ ജില്ലാ ഘടകങ്ങൾക്ക് അധികാരമുണ്ടായിരിക്കില്ല.

യൂനിയൻ ഭരണഘടന ഭേദഗതി ചെയ്യാൻ പ്രത്യേകം വിളിച്ചുചേർക്കുന്ന ജനറൽ ബോഡിയുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമാണ്.

സംസ്ഥാന ജനറൽ ബോഡി ദ്വൈവാർഷിക യോഗം എന്നിവയ്ക്ക് അഞ്ചിൽ ഒരു ഭാഗം എന്ന കോറം തികയാതെ വന്നാൽ, യോഗം പിരിഞ്ഞ് ഒരു മണിക്കൂറിന് ശേഷം അതേ സ്ഥലത്ത് വീണ്ടും സമ്മേളിച്ചാൽ കോറം തികഞ്ഞതായി കണക്കാക്കുന്നതാണ്.

(സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷിലുള്ള ഭരണഘടനാരേഖക്ക് മാത്രമേ ആധികാരികത ഉള്ളൂ.) ■

ജില്ലാപ്രസ്ക്ലബുകളുടെ ശ്രദ്ധക്ക്

പത്രപ്രവർത്തകനിലേക്കുള്ള പ്രസ്ക്ലബ് റിപ്പോർട്ടുകളും ചിത്രങ്ങളും അംഗങ്ങളുടെ എഴുത്തുകളും അഭിപ്രായങ്ങളും രസകരമായ ചെറുകുറിപ്പുകളും എല്ലാമാസവും 15-ാം തിയ്യതിക്കു മുമ്പേ എഡിറ്റർക്ക് അയക്കാൻ താല്പര്യം.


റിപ്പോർട്ടുകളും ചിത്രങ്ങളും ആധികാരികമാണെന്നറിയാൻ പ്രസ്ക്ലബ് സെക്രട്ടറിമാർ തന്നെ അയക്കുന്നതാണുചിതം.

-എഡിറ്റർ
പത്രപ്രവർത്തകൻ
കാലിക്കറ്റ് പ്രസ്ക്ലബ്
കോഴിക്കോട്

എം. പി. നാരായണപിള്ള

എം. പി. നാരായണപിള്ളഎന്ന പത്രപ്രവർത്തകനെ അദ്ദേഹത്തിന്റെ മാതൃഭാഷാ വായനക്കാർക്ക് അ്വിധമറിയില്ല. പത്രപ്രവർത്തകനായി അദ്ദേഹം പണിയെടുത്തത് ഹോംകോങ്ങിലാണ്. "ഫാർ ഈസ്റ്റേൺ എക്ണോമിസ്റ്റ് റെവ്യൂ"വിൽ. പിന്നെ ഇന്ത്യയിലെത്തി "കോമേഴ്സ്" എന്ന പ്രസിദ്ധീകരണത്തിൽ. പിന്നെ പല ഇംഗ്ലീഷ് സ്പെഷലിസ്റ്റ് പ്രസിദ്ധീകരണങ്ങളിലും.

കഥാകൃത്തായ എം. പി. നാരായണപിള്ളയെ നല്ലൊരു വിഭാഗം മലയാളി വായ



നക്കാർക്ക് അറിയുമായിരുന്നു. മലയാളത്തിൽ ആധുനികതയും അത്യന്താധുനികതയുമൊക്കെ പിറന്നകാലത്ത് എം. പി. നാരായണപിള്ള ഇവിടെയൊക്കെയുണ്ടായിരുന്നു. കള്ളൻ, മുരുകൻ എന്ന പാമ്പാട്ടി, ജോർജ് ആറാമന്റെ കോടതിയുമൊക്കെ മലയാള വായനക്കാരാരും മറക്കില്ല. ഏതൊരു ഭാഷയിലും കഥാകൃത്തുക്കൾക്കും, വിവിധ വിഭാഗമായി പിരിഞ്ഞ് നിൽക്കുന്ന കഥകൾക്കും ഒക്കെ അവ വരുന്ന പ്രസിദ്ധീകരണത്തിന്റെ സ്വഭാവവും നിലവാരവുമനുസരിച്ചാണ് വായനക്കാരുടെ ഏറ്റക്കുറച്ചിലുണ്ടാവുക. അതിനാൽ നാരായണപ്പിള്ളയുടെ കഥകളേക്കാൾ ജനപ്രിയമായതായിരുന്നു അദ്ദേഹത്തിന്റെ കോളങ്ങൾ. പല പത്രങ്ങളിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലുമായി അദ്ദേഹമെഴുതിയ സമകാലികവിഷയങ്ങൾ കേരളീയ സമൂഹത്തെ ചൊടിപ്പിച്ച് നിർത്താൻ പര്യാപ്തമായിരുന്നു. രാഷ്ട്രീയം, മതം, വ്യവസായം, സാഹിത്യം, സാമൂഹികജീവിതം മുതലായവയിലൊക്കെ കേരളസമൂഹവും മന്ത്രിമാരും മാധ്യമങ്ങളും ഉദ്യോഗസ്ഥരും ഒക്കെ കാണിച്ച പിടിപ്പുകേടും കൊള്ളരുതായ്മകളും പിള്ള അപ്പപ്പോൾ നിരീക്ഷിച്ച് എഴുതുമായിരുന്നു.

ഏതു വിഷയത്തിലും നമ്മൾ മലയാളികൾക്കുണ്ടെന്ന് പറയുന്ന അവഗാഹത്തേയും, പാണ്ഡിത്യത്തെയും ഗ്രാഹ്യത്തേയും ആകമാനം തകിടം മറിക്കുന്ന കാഴ്ചപ്പാടും നിലപാടും എടുത്തുകൊണ്ടാണ് പിള്ള കോളങ്ങളിൽ പ്രത്യക്ഷപ്പെടുക. ഭാഷ നിശിതം; പരിഹാസസമ്പന്നം അയത്നലളിതം. നമ്മൾ ചിന്തിച്ചുറപ്പിച്ച അഭിപ്രായത്തെ ഇളക്കി വേരോടെ പിഴുതെറിഞ്ഞ് തികച്ചും അരാജകമെന്ന് നാം കരുതുന്ന നിലപാടിലേക്ക് പിള്ള നമ്മളെ നിർബന്ധിച്ച് കൂട്ടിക്കൊണ്ടുപോയി അവിടെ ഉറപ്പിച്ചു നിർത്തി കളയും. നാരായണപ്പിള്ള അവിടെ നിന്ന് ആ ക്ഷണം കടന്നുകളയുകയും ചെയ്യും. പിന്നെ പിള്ള പ്രത്യക്ഷപ്പെടുന്നത് വേറൊരു വിഷയത്തിന്റെ കൊടുമ്പിരിക്കൊള്ളുന്ന ചൂടിനിടയിലായിരിക്കും. മന്ത്രവാദമാണ് തന്റെ ഹോബി എന്ന് പിള്ള പറഞ്ഞിരുന്നു. ഒരർത്ഥത്തിൽ വായനക്കാരെ പിള്ള, കുട്ടിച്ചാത്തൻമാരെ പോലെ കൂടെ കൊണ്ടുനടത്തിയിരുന്ന മന്ത്രവാദിയായിരുന്നു. കേരളീയ സമൂഹത്തിന്റെ അന്ധവും ഭ്രാന്തവുമായ പ്രയാണത്തിനിടയിൽ ഇത്തരം കോളങ്ങൾക്ക് വിലയുണ്ട്. പിള്ളയുടേത് അംഗീകരിക്കപ്പെട്ട അഭിപ്രായങ്ങളായിരുന്നോ അല്ലയോ എന്നു നോക്കേണ്ടതില്ല. ശബ്ദങ്ങൾക്ക് എപ്പോഴും അർത്ഥമുണ്ടാവും. സമയത്തിന്റെ ഒരു ബിന്ദുവിൽ അല്ലെങ്കിൽ മറ്റൊരു ബിന്ദുവിൽ. നാരായണപിള്ളയുടെ പ്രസക്തിയുമതായിരുന്നു.

–എസ്. എ.

ചിരിയും വേദനയുമായി കടന്നുപോയ പി. സി.

1985ലോ 86ലോ ആണ് ദൽഹി കേരളാഹൗസിൽ, മാതൃഭൂമി ലേഖകനെന്ന നിലയിൽ ഞാൻ നിത്യസന്ദർശനം നടത്തിയിരുന്ന കാലം. ഒരു ദിവസം റിസപ്ഷനിൽ നിൽക്കുമ്പോൾ സഫാരിയിട്ട ഒരാൾ



'ക്ഷമിക്കണം, താങ്കൾ മാതൃഭൂമിയിലാണോ?' യുവാവുമല്ല, മദ്ധ്യവയസ്കനുമല്ല. സുമുഖൻ, നല്ലചിരി, പക്ഷേ ആകെക്കൂടി ഒരു കള്ളന്റെ ലക്ഷണം. സഫാരി ഉടുപ്പും പെർഫ്യൂമിന്റെ മണവും കയ്യിലെ 555സിഗററ്റും കൂടി ആയപ്പോൾ എനിക്ക് സംശയം തോന്നി.

'അതേ' 'കുട്ടി സാറിന്റെ ഉപദ്രവമുണ്ടോ' വി. കെ. മാധവൻകുട്ടിയെന്ന എന്റെ അന്നത്തെ ചീഫിനെക്കുറിച്ചാണ് പരാമർശം (എന്നിൽ മാധവൻകുട്ടിക്ക് ചെറിയ അതൃപ്തികളുണ്ടായിരുന്ന നാളുകൾ) ഞാനപ്പോൾ തീരുമാനിച്ചു, ഇയാൾ ശരിയല്ല. അതേ കപട വിനയത്തോടെ ഞാൻ ചോദിച്ചു 'താങ്കളെന്താ ചെയ്യുന്നത്?'

ചിരിയിൽ കൂടുതൽ കുസൃതിയായി. ചെറിയ കുടവയറിൽ കൈവെച്ചിട്ട് 'ഞാൻ ഒരു പത്രപ്രവർത്തകനാണേ'. 'ഏതിലാണ്' 'പണ്ട് ജവഹർലാൽ നെഹ്റു സ്ഥാപിച്ച പത്രമാണ് അനിയൻ കേട്ടിട്ടുണ്ടോ? നാഷനൽ ഹെറാൾഡ്'

എനിക്ക് സംഗതി പിടികിട്ടി. കോൺഗ്രസുകാരുടെ റാക്കറ്റിന്റെ ഭാഗമാണ് കക്ഷി. എന്റെ മനസ്സു വായിച്ചതു പോലെ അപരൻ തുടർന്നു.

'ഈ റാക്കറ്റു കൊണ്ടിപ്പം വലിയ ഗുണമില്ലാശാനെ! അതുകൊണ്ട് ഗൾഫിലെ ഒരു പത്രത്തിന്റെയും ഏർപ്പാടുണ്ട്'.

വീണ്ടും കള്ളച്ചിരി. പോക്കറ്റിൽ നിന്ന് കാർഡെടുത്തുതന്നു. പി. സി. ജോസഫ്. ആളെപ്പോലെത്തന്നെ കാർഡിനും നല്ല പകിട്ട്.

ഞാൻ യാത്ര പറഞ്ഞു പിരിഞ്ഞു. വൈകുന്നേരം കുറേ പത്രസമ്മേളനങ്ങൾക്കുശേഷം ഞാൻ ഐ. എൻ. എസ് ബിൽഡിംഗിലെ ഓഫീസിലെത്തി. മാധവൻകുട്ടിയുടെ മുറിയിൽ പതിവുപോലെ നിരവധി യാളുകൾ. ഞാനെന്റെ റിപ്പോർട്ടുകളിൽ വ്യാപൃതനായപ്പോൾ ഒരാൾ മുറിയിൽ കടന്നുവന്നു.

ഉച്ചക്ക് കണ്ട പി. സി. ജോസഫ്. അപ്പോൾ മാധവൻ കുട്ടിയുടെ സുഹൃത്താണ്!.

'അനിയന് നല്ല പണിയാണല്ലോ?' ശബ്ദത്തിൽ ഒരു പരിഹാസമുണ്ടോയെന്ന് സംശയം. പിന്നാലെ സക്കറിയയും ഇറങ്ങി വന്നു. 'ങാ, താൻ ഗോപീനെ പരിചയപ്പെട്ടോ?'

'ഞങ്ങളുച്ചക്ക് പരിചയപ്പെട്ടതാണ്'. കണ്ണാടി നോക്കി ചിരി അഭ്യസിച്ചതാണോ പി. സി. ജോസഫ് മെല്ലെ അടുത്തു വന്നു. 'പണി കഴിഞ്ഞു കേരളഹൗസിൽ വരൂ. കറിയാച്ചനുമുണ്ടാകും. കുട്ടിസാർ അറിയണ്ട.'

അന്ന് ദൽഹിയിൽ എന്റെ ദാരിദ്ര്യകാലമാണ്. രണ്ടുപെഗ് വെറുതെ കിട്ടിയാൽ അത്രയും ലാഭം. ഈ കള്ളന്റെ കൂടെ സക്കറിയ എങ്ങിനെ എത്തിപ്പെട്ടു?.

പക്ഷേ പി. സി. യുടെയും എന്റേയും കണക്കുകൂട്ടലുകൾ തെറ്റി. ഞാൻ മുറിയുടെ വാതിൽ കയറുമ്പോൾ അകത്ത് മാധവൻകുട്ടിയിരിക്കുന്നു.

മദ്യപിക്കാത്ത മനുഷ്യൻ. സഹപ്രവർത്തകൻ, കള്ളുകുടിയനാകുന്നതിൽ വിഷമമുള്ള ആൾ.

ആ നീരസം മുഖത്ത് വ്യക്തമാകുകയും ചെയ്തു. പി. സി. ഇടപെട്ടു. 'കുട്ടിസാറെ, ഞാൻ നിർബന്ധിച്ചു വരുത്തിയതാ.' സക്കറിയയും ഉത്സാഹിച്ചു.

'എനിക്കൊന്നുമില്ല, എനിക്കൊന്നുമില്ല'. മാധവൻകുട്ടി. പി. സി. ദുബായിൽ നിന്നും കൊണ്ടുവന്ന സ്കോച്ച് കുപ്പി എന്റെ സഹായത്തോടെ വേഗത്തിലൊഴിഞ്ഞുകൊണ്ടിരുന്നു. ഇടയ്ക്ക് മാധവൻകുട്ടി യാത്ര പറഞ്ഞു. ഇറങ്ങാൻ നേരത്ത് എന്നോടായി.

'അധികം വേണ്ട, കേട്ടോ?' 'ഞാനിപ്പോൾ പോകും' ഞാൻ സമാധാനിപ്പിച്ചു. പോയതു മണിക്കൂറുകൾ കഴിഞ്ഞാണ്. ആ രാത്രിയിൽ പിറന്ന ഒരു സുഹൃദ് ബന്ധമാണ് 1998 മെയ് 18ന് രാവിലെ അവസാനിച്ചത്.

ഇതിനിടയിൽ എന്തെല്ലാം. ലോകങ്ങളിലൂടെ പി. സി. യാത്ര ചെയ്തു. ഖലീജ് ടൈംസിനുവേണ്ടി നിരന്തര പരിശ്രമങ്ങൾ. നാഷനൽ ഹെറാൾഡിൽ നിന്നും ഒരിക്കലും കിട്ടാത്ത ശമ്പളകുടിശ്ശികക്കുവേണ്ടിയുള്ള യത്നങ്ങൾ, അതിനിടയിൽ മകൾ ടിങ്കിളിന്റെ നൈർമ്മല്യം നിറഞ്ഞ ശിരസ്സിനുള്ളിൽ കടന്നുകയറിയ ട്യൂമർ, ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ടിങ്കിളിന്റെ തലയോട് പിളർത്തി നടന്ന ശസ്ത്രക്രിയകൾ, ക്ഷീണം മാറ്റാൻ പ്രസ് ക്ലബ്ബിലെത്തി ഒരു ബിയർ കഴിച്ച് പി. സി. കരഞ്ഞിട്ടുള്ള ദിനരാത്രങ്ങൾ.

മകളുടെ ജീവൻ രക്ഷിക്കാൻ കൊല്ലങ്ങൾ നീണ്ടുനിന്ന പി. സി. യുടെ സമരം തുടരുമ്പോൾ, 1992ൽ ഞാൻ ദൽഹി ജീവിതം ഉപേക്ഷിച്ച് തിരുവനന്തപുരത്തെത്തി. പി. സി അപ്പോൾ സജീവ യൂനിയൻ പ്രവർത്തകനാണ്, ജില്ലാ പ്രസിഡണ്ടാണ്, ഖദറുമണിഞ്ഞ് (പി. സി. ഭാഷയിൽ 'പുലിത്തോലി') പി. സി. ഒട്ടേറെ അഭ്യാസങ്ങൾ നടത്തുകയായിരുന്നു. നഷ്ടപ്പെടുന്ന മകളെയോർത്ത് പി. സി. ഒന്നും ഉപേക്ഷിച്ചില്ല. പക്ഷേ പി. സി. യുടെ ഹാസ്യം കൂടുതൽ ക്രൂരമായി. പെരുമാറ്റത്തിലെ ഈ ഭാവവ്യത്യാസം പലരെയും അമ്പരപ്പിച്ചു. പി. സി. യുടെ പ്രമേഹം കലശലായി. 'എന്താ പി. സി. ആയിരം കഴിഞ്ഞോ?' എന്നുള്ള എന്റെ തമാശകളിൽ പി. സി. ആശ്വസിച്ചിരിക്കണം. ഞങ്ങൾ കൂടിയുള്ള മദ്യപാനം കുറഞ്ഞു. ടിങ്കിൾ നീണ്ട കോമയിൽ കടന്നപ്പോൾ ആ വൈകുന്നേരങ്ങളിൽ ഒട്ടേറെ സുഹൃത്തുക്കൾ പി. സി. യുടെ മനസ്സിന്റെ കാവൽക്കാരായി. ടിങ്കിൾ അവസാനം വിടപറഞ്ഞപ്പോൾ പി. സി. മറ്റൊരു മനുഷ്യനായി മാറിക്കഴിഞ്ഞിരുന്നു.

മദ്യപാനം പി. സി. പൂർണ്ണമായും നിർത്തിയതു തെറ്റായിരുന്നു എന്നു തോന്നുന്നു. കൈവിരലുകളിൽ കറുത്തനിറം കണ്ടപ്പോൾ ആവശ്യമില്ലാതെ കടന്നുകയറുന്ന ഇരുമ്പിന്റെ അംശങ്ങൾ പി. സി.യെ തളർത്തി. എങ്കിലും പി. സി. ഓടി നടന്നു. പ്രവർത്തനമേഖലകളിൽ ചിലതുപേക്ഷിച്ചു. മറ്റു ചിലവ ഏറ്റെടുത്തു.

തന്റെ രോഗത്തിന്റെ യഥാർത്ഥസ്വഭാവം പി. സി. എപ്പോഴാണ് മനസ്സിലാക്കിയത് എന്ന് എനിക്ക് വ്യക്തമല്ല. പത്രപ്രവർത്തകയൂണിയനിലെ സുഹൃത്തുക്കൾ കണ്ടുപിടിച്ചു, ക്യാൻസറാണെന്ന്. മൂന്നോ നാലോ മാസം കൂടി, പരമാവധി. കണക്കുകൾ തീർക്കാൻ പി. സി. ഓടി നടക്കുന്നതിനിടയിൽ ഒരു പ്രാവശ്യം ഞങ്ങൾ കണ്ടുമുട്ടി. പഴയ ഫലിതങ്ങൾ ആവർത്തിക്കാൻ ഞങ്ങൾ ശ്രമിച്ചു, പരാജയപ്പെട്ടു. പി. സി.യെ നേരിടാൻ വൈകാരിക ധൈര്യമില്ലാതെ ഞാൻ ഒഴിഞ്ഞുമാറി. ഒന്നുരണ്ടു ടെലഫോൺ സംഭാഷണങ്ങൾ. ഡോക്ടർ പറഞ്ഞ കാലാവധിക്ക് മുമ്പ് തന്നെ 'കള്ളൻ' പ്രശ്നമവസാനിപ്പിച്ചു.

എന്നെ വ്യക്തിപരമായി ഇത്രയും സഹായിച്ചിട്ടുള്ള അധികമാൾക്കാരില്ല. പക്ഷേ പി. സിയ്ക്കങ്ങനെ അനേകം പേരുണ്ടായിരുന്നു. ആ ധാർഷ്ട്യത്തിനും പുച്ഛഭാഷണത്തിനും കാപട്യങ്ങൾക്കുമുള്ളിൽ പ്രായപൂർത്തിയായ ഒരാളിലും ഞാൻ കണ്ടിട്ടില്ലാത്ത ഒരു സൗകുമാര്യമുണ്ടായിരുന്നു. ആ നല്ല മനുഷ്യനോട് വിട; ഓർമ്മകൾ എന്റെ സ്വാർത്ഥാവകാശങ്ങളിൽ പെടുന്നു.

–ടി. എൻ. ഗോപകുമാർ

ജില്ലാ പ്രസ് ക്ലബ്ബുകൾ അവയുടെ കീഴിലുള്ള പത്രപ്രവർത്തകരായ അംഗങ്ങൾക്ക് അവാർഡുകൾ ലഭിക്കുമ്പോൾ, അവാർഡിനെക്കുറിച്ചും ലഭിക്കുന്ന ആളിനെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ ഫോട്ടോയോടൊപ്പം അയച്ചുതരുവാൻ പ്രത്യേകം താല്പര്യപ്പെടുന്നു.

പത്രാധിപർ
പത്രപ്രവർത്തകൻ
കോഴിക്കോട് പ്രസ് ക്ലബ്ബ്
കോഴിക്കോട്

കോടതിവിധി

അവകാശാവധിക്ക് അർഹത

ഓരോ വർഷം സർവീസ് പൂർത്തീകരിക്കുമ്പോഴും പത്രപ്രവർത്തകന് 15 ദിവസത്തെ വേതനത്തോടുള്ള അവധിക്ക് അർഹനാണെന്ന് രാജസ്ഥാൻ ഹൈക്കോടതി വിധിച്ചിരിക്കുന്നു.

അജ്മീറിലെ നവജ്യോതി പത്രവും, പത്രപ്രവർത്തകനായ മഹേഷ്ചന്ദ് ശർമ്മയും തമ്മിലുള്ള തർക്കത്തിലാണ് ഹൈക്കോടതി ഈ വിധി പുറപ്പെടുവിച്ചത്. വർക്കിങ്ങ് ജർണലിസ്റ്റ്സ് ആക്ട്, പ്രത്യേക ആക്ടാണെന്നും, അതിന് പെയ്മെന്റ് ഓഫ് ഗ്രാറ്റിറ്റി ആക്ടിനെ അപേക്ഷിച്ച് മുന്തിയ വ്യവസ്ഥകൾ ഉണ്ടെന്നും കോടതി അഭിപ്രായപ്പെട്ടു. 30 വർഷത്തെ സേവനത്തിന് ശേഷം വിരമിച്ച ശർമ്മക്ക് ഗ്രാറ്റിറ്റി ആക്ട് അനുസരിച്ചുള്ള $12^1/_2$ മാസത്തെ ഗ്രാറ്റിറ്റിയാണ് നൽകിയത് ഏറ്റവും കൂടുതൽ ഗ്രാറ്റിറ്റി അത്രമാത്രമാണ്. ശർമ്മ ഇതിനെതിരെ വർക്കിങ്ങ് ജർണലിസ്റ്റ്സ് ആക്ടനുസരിച്ചുള്ള വകുപ്പുകളിൽ അവകാശമുന്നയിച്ച് ഹരജി നൽകി. അതിൽ സൗജന്യ ടെലിഫോൺ കോൾ, അനുവദനീയമായ പത്രങ്ങൾ, കൺവേയൻസ് അലവൻസ്, നൽകിവന്നിരുന്ന സ്പെഷൽ അലവൻസ് എന്നിവയുടെ തുക കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. നവജ്യോതി മാനേജ്മെന്റ് ഇതിനെതിരെ സിവിൽ റിട്ട് പെറ്റിഷൻ നൽകുകയാണ് ചെയ്തത്. തുടർന്ന് ഹൈക്കോടതിയിൽ എത്തിയ സ്പെഷൽ ഹരജിയിൽ തീരുമാനമെടുക്കവെ ശർമ്മക്ക് 15 മാസത്തെ ഗ്രാറ്റിറ്റി നൽകാൻ ഉത്തരവിട്ടു. മറ്റലവൻസുകൾ ഉൾപ്പെടുത്തി കിട്ടാനുള്ള ആവശ്യം, മറ്റൊരു വകുപ്പിൻ കീഴിലായതിനാൽ സെക്ഷൻ 17/(1)ന് കീഴിൽ എടുക്കാനാവില്ലെന്ന കോടതി അഭിപ്രായപ്പെട്ടു.

PRESS COUNCIL REPORT ON 'FAVOURS' TO JOURNALISTS

The Press Council of India has held that the allotment of Government accommodation, concessional land, free air tickets and company shares being given to journalists, news agencies and newspaper establishments and owners would amount to undue favours .

The Council, which undertook a comprehensive study for a ten-year period, 1985-95, held that free and concessional bus, rail and other transport facilities to the scribes also fell in the category of currying favours.

It held that extending the facility of air travel by companies, corporations and airlines was an inducement to write favourably about their products and airlines.

As regards foreign trips undertaken by President, Vice-President, Prime Minister and External Affairs Ministry, the Council noted that proprietors of newspapers were accompanying them in place of journalists and editors.

It recommended that the newspapers should take care to nominate eligible persons for the purpose.

The Commission also observed that indiscriminate disbursment of money from the discretionary fund of the Chief Minister encourage unfaithfulness to the mission of journalism and promotes corrupt practices.

The following are the recommendations:-

RECOMMENDATIONS

The Committee came to the conclusion that the following facilities so far being extended by the government and the authorities, companies and corporations would amount to favours subject to the observations made here under.

1. ACCOMMODATION GOVERNMENT, HOUSING/FLATS/LAND

The Committee is of the view that it is the responsibility of the newspaper establishments to provide accommodation to its employees. The Committee noted that the Punjab and Haryana High Court in its judgement has held that journalists are not entitled to government accommodation as they are not employees of the government. The Court has said that there were no rules, regulations or guidelines governing such allotment with the Chandigarh administration. The Court observed that the existing rules were only meant for government servants and there was no question of bringing the journalists in its ambit. The Committee further noted that the Central Government in its action taken report on the suggestions of the Second Press Commission to the effect that: no further housing facility should be provided to the journalists and the existing allotments of the government accommodation in the National Capital the States should be charged for at non-subsidised rates and phased out as the present occupants leave - had recorded that no further housing facility would be provided to journalists and in respect of the existing allotment, the rent would be charged at non-subsidised rates. This decision was taken nearly a decade ago. However, the allotments continued.

The Committee also noted that the Governments were giving prime land to the newspaper owners at a nominal price. Some of the newspaper establishments had either rented out the entire premises after retaining a small portion for their own use or had converted the premises into a commercial complex thereby earning huge profits. In some of the cases, it was found that the newspapers with a view to get another allotment at some other place after renting out the entire building, were not even reporting on attacks on their own scribes for the simple reason that they wanted to remain in the good books of the government. Such newspapers were compromising with the fascist forces and the freedom of the press.

2. ALLOTMENT OF SHARES IN COMPANIES

The Committee was of the opinion that if shares were allotted at a special prices or were given under any quota, this would amount to favour. The Press Council of India has already issued guidelines for the financial journalists.

3. BUS TRAVEL/RAIL TRAVEL/TRANSPORT

The Committee was of the opinion that this was favour so far as big and medium newspapers are concerned. The journalists attached to newspapers which are in profit have no justification for availing free or concessional bus/rail/air transport facility. However, in case of small newspapers this constituted a facility as the Committee felt that there was justification for extending such facility. The mediapersons work at the grassroot level and work for small newspapers are paid the bare minimum recommended under the Wage Board Awards. The financial condition of most of the small newspapers is precarious and without such a facility they would be unable to cover all news which is necessary to be communicated to their readers. Most of the news at the local level which appears in these newspapers were most times picked up by the medium and big newspapers. The reporters of the small newspapers and accredited freelance journalists who cannot afford, must have the facility to travel as much as possible.

4. FOREIGN TRAVEL

The companies, corporations and airlines extend the facility of air travel to journalists not only within the country but also abroad. The journalists avail of this happily. This is an inducement to write favourably about their products/airlines. A propaganda is undertaken through such devices to commercially promote the products/ airlines. This certainly interferes with independent reporting.

So far as the government is concerned, before 1986, the President, Vice-President, Prime Minister and External Affairs Minister were accompanied by journalists during their foreign trips on the basis of pick and choose polity. But in 1987, Press Council of India framed guidelines on selection of journalists on PM's entourage and this was

being generally followed. The Committee, however, noted that often the proprietors of the newspapers were accompanying the President/Prime Minister on foreign tours in place of journalists and editors.

The Committee recommended that the newspapers should take care to nominate eligible persons for the purpose.

5. FREE AIR TICKETS

The Committee was of the opinion that this practice constituted an undue favour as it enticed the journalists to write favourable reports to commercially promote the airline.

6. CASH DISBURSEMENT FROM CM'S DISCRETIONARY FUND

The Committee noted that there are guidelines as to how the discretionary fund at the disposal of Chief Minister or any other functionary has to be spent. The guidelines should be followed strictly. Indiscriminate disbursement of money from the discretionary fund of the Chief Ministers encourages unfaithfulness to the mission of journalism and promotes corrupt practices.

7. FINANCIAL ASSISTANCE

The Committee was of the opinion that if financial assistance is given for medical treatment purposes, it still constitutes a favour, unless, medical aid is being given under the clear cut policy uniformly applicable to all those destitutes or sick persons who cannot afford the medical treatment in case the journalist incidentally happens to be one of those persons, there is nothing wrong in it. In Delhi, all the journalists accredited to PIB are entitled to CGHS facility. The Committee feels that extending the CGHS facility to journalists, is illogical since CGHS facility is available to the government servants only. The provision of medical facilities to its employees is the responsibility of the newspaper establishments.

8-9. FUNDS FOR MEDIA CENTRE AND GRANTS TO JOURNALISTS ASSOCIATIONS

The Committee was of the opinion that this was a favour, unless it was given for promoting the journalistic skills.

10. GIFT CHEQUE BY AD. AGENCIES FOR PUBLICATION OF PRESS NOTE OF THEIR CLIENTS

The Committee was of the opinion that his was a favour and deserved outright condemnation.

11. OTHER GIFTS

The Committee was of the opinion that gifts in any form, irrespective of their value, are to be condemned.

12. FREE PARKING

The Committee was of the opinion that this was a favour if a journalist uses this facility for purposes other than his professional work.

13. GUEST HOSPITALITY

The Committee was of the opinion that working journalists as a rule should not be treated as State Guests. In case an individual is treated as State Guest he ispso facto becomes entitled to many facilities without any payment thereof.. However, when press teams are invited in discharge of their professional duties, making due arrangements for them should be an exception. The committee further noted that the stay in government guest houses, by accredited journalists, is permissible if it is for discharging professional duties.

14. IMPORT OF DUTY-FREE CAMERAS AND COMPUTERS

The Committee was of the opinion it is the duty of the newspaper establishment to provide cameras/computers to its personnel. An individual employee journalist is not required to buy camera/computer for his work. In the recent past, the Central Government had allowed import of duty-free cameras and computers to the journalists. the Committee felt that this concession amounted to a favour. However, the Committee was of the opinion that this facility should be permissible for the accredited freelance journalists, provided it is not misused.

15. INSURANCE PREMIUM

The Committee was of the opinion that it is not for the Government to pay for the premium towards the insurance of journalists. It is the duty of the newspaper establishments or the individual concerned to make such payment towards annual dues once the scheme has been introduced.

16. JOB TO RELATIVES

Giving jobs to journalist's relative not on merits, is an outright attempt at inducement.

17. LOANS

The Committee was of the opinion that the grant of loans within the ambit of a policy already laid down for all citizens is permissible. But when the loan is given only to the journalists or at reduced rates of interest or when the interest due or the principal amount is waived/written off/ condoned, such a practice would amount to undue favour.

18. NOMINATION ON COMMITTEES

The Committee was of the opinion that in some states, the journalists are nominated on some organisations and institutions like Public Service Commission and are also given the status of State Minister or Cabinet Minister, which was a wrong practice. Except for the nomination by the professional organisations on Committees which have a quota to represent the various professionals, this practice constitutes a favour.

19. PCO/FAX/PHONE BOOTH OR CENTRE

The Committee was of the opinion that this is obviously a favour, if gifted. The fax and the phone facility given to all journalists is, however, to be distinguished from the allotment of such booths.

20. PENSIONARY BENEFITS

The Committee was of the opinion that since the Fourth Estate was not a part of the government, this benefit constituted a favour if the pensionary benefits were extended by the government. The role of the authorities should be limited to ensuring that the newspaper establishments implement the awards of the Wage Boards.

21. PRESS CLUBS - DONATION OF FUNDS

The Committee noted that this practice is prevalent all over the country and funds are being donated lavishly by Chief Ministers/Ministers/Leaders not only to genuine press clubs but also to the press clubs of dubious nature. It, therefore, constituted an attempt to induce the journalists to give favourable reports about the donors.

22. PRIZES

The Committee felt that the practice of giving spurious awards has to be curbed. There were instances, not worth mentioning, of sale of awards and prizes by racketeers making money out of it. Not only

the racketeers but awardees were often contributing towards the value of the prizes.

23. SHOPS

Allotment of shops in their capacity as journalists is a clear cut favour.

FACILITIES

The Committee was of the opinion that the following constituted facilities, subject to the remarks given:

1. ACCREDITATION

The pattern of the formation of the Central Press Accreditation Committee should be followed in all states and union territories. The CPAC at present has a good composition of representatives of journalists, owners, editors and non-editors' organisations headed by Principal Information Officer of the Press Information Bureau, Government of India. Another officer, Director of External Publicity is also called to attend the meeting whenever the issue of foreign accreditation is considered. However, it be made mandatory that the accreditation committee should be constituted within a month of the expiry of the term of the earlier committee and committee should hold its meetings every quarterly. A provisional accreditation, if given, must come up before the accreditation committee in its first meeting thereafter.

2. GOVERNMENT AND PUBLIC AUTHORITY ADVERTISEMENTS

It is a mutually beneficial transaction when conducted in keeping with the parameters defined in an already laid down policy. However, when given to individual newspapers on ad-hoc basis or for extraneous considerations or when they are not routed through centralised agency, they constitute favour.

In addition, governments and public authorities, including the Railways, must publish in their Annual Reports etc., the information regarding advertisements and facilities given by them to journalists and their organisations, etc., to ensure greater transparency in their working.

3. ELECTION FACILITIES

The Committee was of the opinion that this was a must, so that journalists are able to cover the events relating to the most important electoral process. Access to all the places of information must be given to them, subject to reasonable restrictions imposed by the Election Commission of India.

4. MEETING EXPENSES FOR JOURNALISTIC CONVENTIONS, SEMINARS, etc.

The Committee was of the opinion that this was permissible so long as under its garb, cash grants are not given by the governments and public authorities and others.

5. PRESS ROOMS

They are a facility required to be provided for due discharge of the professional duties by the journalists.

6. INVITING PRESS PARTIES

The Committee was of the opinion that as stated earlier, this was a facility extended by the authorities to provide the necessary information on matters of public interest to the public.

7. PUBLICATION MATERIAL DURING PRESS CONFERENCE

The Committee was of the opinion that this was a facility.

8. TRAINING

The Committee was of the opinion that this was a facility and should be encouraged as this will improve the knowledge and efficiency of all those engaged in the profession of journalism.

The Press Council of India further stated:

The State Governments/UTs which have not provided complete information on further queries of the Council are Andhra Pradesh, Chandigarh Administration, Gujarat, Haryana, Kerala, Madhya Pradesh, Maharashtra, Orissa, Punjab and Uttar Pradesh.

In the meantime, the Council's Committee on undue favours to journalists (hereinafter referred to as Committee) also sought public cooperation by issuing press releases from time to time in all the States and Union Territories by inviting the organisation, institutions and members of the public to provide any such information to the Committee as may be in their possession or knowledge, which was relevant to the issue.

The information received from various sources reveals that the press persons/newspaper establishments are enjoying the following amenities:

1. Accommodation Government, Housing/Flats/Land
2. Allotment of Shares in Companies.
3. Bus Travel/Rail Travel/Transport
4. Foreign Travel
5. Free Air Tickets
6. Cash Disbursement from Chief Minister's Discretionary Fund
7. Financial Assistance
8. Funds for Media Centre and the like
9. Grants to journalists associations
10. Gift Cheque by advertisement agencies for publication of press notes of their clients.
11. Other gifts
12. Free Parking
13. Guest Hospitality
14. Import of duty-free cameras and computers
15. Insurance Premium
16. Job to relatives
17. Loans
18. Nomination on Committee
19. PCO/Fax/Phone
20. Pensionary benefits
21. Press Clubs - donation of funds
22. Prizes
23. Shops
24. Accreditation
25. Government and public authority advertisements
26. Election facilities
27. Meeting expenses for journalists conventions, seminars, etc.
28. Inviting press parties
29. Publication material during press conference
30. Training

(Based on a circular by AINEF)

KL/CT/73 Patharapravarthakan

